LAITY VOICE

2015 APRIL ▶ Volume:5 ▶ No:10



*പാലക്കാടു നടന്ന ദ പീപ്പിൾ രാഷ്ട്രീയേതര കർഷക പ്രതിനിധി സമ്മേളനം ഇൻഫാം രക്ഷാധികാരിയും കാഞ്ഞിരപ്പള്ളി ബിഷപുമായ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. ദ പീപ്പിൾ കോ-ഓർഡിനേറ്റർ ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ, ഡിജോ കാപ്പൻ, സി.കെ.മോഹനൻ, വി.വി.അഗസ്റ്റിൻ, മുൻ എംഎൽഎ പി.സി.ജോസഫ്, കർഷക സമാജം ജനറൽ സെക്രട്ടറി മുതലാംതോട് മണി തുടങ്ങിയവർ വേദിയിൽ.*

# കർഷക വിരുദ്ധ നിലപാടുകൾക്കെതിരേ താക്കീതുമായി 'ദ പീപ്പിൾ'

പാലക്കാട്: ഭരണരാഷ്ട്രീയ നേതൃത്വങ്ങളുടെ കർഷകവിരുദ്ധ നിലപാടുകൾക്കും അഴിമതിക്കും സാമൂഹ്യതിന്മകൾക്കുമെതിരേ സംസ്ഥാനത്തെ 30 കേന്ദ്രങ്ങളിൽ ജനകീയ സമ്മേളനങ്ങൾ സംഘടിപ്പിക്കുമെന്നു കർഷക ജനകീയ പ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ ദ പീപ്പിൾ ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. ഏപ്രിൽ, മേയ് മാസങ്ങളിൽ ഈ സമ്മേളനങ്ങൾ പൂർത്തിയാക്കും. തുടർന്നു ജൂണിൽ എറണാകുളത്തു നടക്കുന്ന സമ്മേളനത്തിൽ കാർഷികനയരേഖ സമർപ്പിക്കും. അഴിമതി രഹിതമായ കേരളവും സാധാരണ കർഷകർക്കുള്ള ബോധവത്കരണവും ജനകീയ സമ്മേളനങ്ങളിലൂടെ ലക്ഷ്യമിടുന്നു.

അതേസമയം, ദ പീപ്പിൾ രാഷ്ട്രീയസംഘടനകളുടെ പിന്നാലെ പോവുകയില്ലെന്നും അധികാരമല്ല ജനകീയ താത്പര്യം മാത്രമാണു ലക്ഷ്യമെന്നും ഇൻഫാം ദേശീയ രക്ഷാധികാരിയും കാഞ്ഞിരപ്പള്ളി ബിഷപ്പുമായ മാർ മാത്യു അറയ്ക്കൽ പറഞ്ഞു.

കർഷക പ്രസ്ഥാനങ്ങളോടു കേന്ദ്രസർക്കാർ ചർച്ചയ്ക്കു തയാറാകണമെന്നും കേരളത്തിൽ മാത്രം നിലനിൽക്കുന്ന ഇഎഫ്എൽ നിയമം കർഷക വിരുദ്ധമായതിനാൽ പിൻവലിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. മത്സ്യമേഖലയിൽ നടപ്പാക്കുന്ന ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് റദ്ദുചെയ്യുക, മലയോരമേഖലയിൽ അർഹരായ മുഴുവൻ പേർക്കും അടിയന്തരമായി ഉപാധിരഹിത പട്ടയം നൽകുക, നെല്ലിനു കിലോഗ്രാമിനു 30 രൂപയായി ഉയർത്തുക, റബർവിഷയത്തിൽ വിലസ്ഥിരതാഫണ്ട് ഉപയോഗിച്ചു ന്യായവിലയ്ക്കു റബർ സംഭരിക്കുക, ഏലം മേഖലയിലെ പ്രതിസന്ധി അടിയന്തരമായി ചർച്ചചെയ്തു പരിഹരിക്കുക, പശ്ചിമഘട്ട ജനതയുടെ ആശങ്കകൾ അകറ്റുന്നതിനു വിദഗ്ധരുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുക, നീര ഉത്പാദനത്തിനുള്ള ലൈസൻസിംഗിനുള്ള നടപടിയെടുക്കുക, തേനി ജില്ലയിലെ പൊട്ടിപ്പുറത്തുനിന്നും ഇടുക്കി ജില്ലയിലെ മതികെട്ടാൻചോലവരെ 2.5 കിലോമീറ്റർ ഭൂഗർഭ അറയിലെ കണികാപരീക്ഷണത്തിൽ ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ദ പീപ്പിൾ ഉന്നയിച്ചു.

ദ പീപ്പിൾ കോ-ഓർഡിനേറ്റർ ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ, സെന്റർ ഫോർ ഫാർമേഴ്സ് ഗൈഡൻസ് ആൻഡ് റിസർച്ച് ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ പി.സി. ജോസഫ്, ദേശീയ കർഷക സമാജം ജനറൽ സെക്രട്ടറി മുതലാംതോട് മണി, സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ മാനേജിംഗ് ട്രസ്റ്റി ഡിജോ കാപ്പൻ, ഹൈറേഞ്ച് സംരക്ഷണസമിതി രക്ഷാധികാര സമിതിയംഗം സി.കെ. മോഹനൻ, അഗ്രികൾച്ചറൽ ഫോറം കൺവീനർ വി.വി. അഗസ്റ്റിൻ, പിഎസ്എസ്പി പാലക്കാട് എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, കോട്ടയം കർഷക വേദി അംഗം ജോസ് വെട്ടം, തൃശൂർ പരിയാരം കർഷകസമിതി അംഗം ജെനറ്റ് മാത്യു, എറണാകുളം ദേശീയ കർഷക മുന്നണി അംഗം പി.എം. സണ്ണി, ദേശീയ കർഷകസമാജം അംഗം കെ.എ. പ്രഭാകരൻ മാസ്റ്റർ തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

**എഡിറ്റോറിയൽ**

**നമ്മുടെ നികുതിപ്പണം എവിടെപ്പോകുന്നുവെന്ന് ഓരോ നികുതിദായകനും അറിഞ്ഞിരിക്കണം. രാഷ്ട്രീയ നേതൃത്വങ്ങളും അവരുടെ കൂലിപ്പട്ടാളങ്ങളും ചാനൽ ചർച്ചകളിലും മാധ്യമപ്രസ്താവനകളിലും നടത്തുന്ന വാചകക്കസർത്തുകൾക്കപ്പുറം യാഥാർത്ഥ്യങ്ങൾ അന്വേഷിച്ചറിയുവാൻ നാം ശ്രമിക്കുന്നില്ലെങ്കിൽ വലിയ ദുരിതങ്ങൾ നേരിടേണ്ടിവരുന്ന നാളുകൾ വിദൂരമല്ല. ദൈവത്തിന്റെ സ്വന്തംനാട് ജനങ്ങളെ വെട്ടിവിഴുങ്ങുന്ന വെള്ളാനകളുടെ നാടായി മാറിയിരിക്കുന്നു. സംസ്ഥാനത്തെ ഒന്നര ശതമാനം മാത്രമുള്ള ഉദ്യോഗസ്ഥ തമ്പ്രാക്കൾക്കുവേണ്ടി നാടിന്റെ വരുമാനത്തിലെ സിംഹഭാഗവും കൊള്ളയടിക്കപ്പെടുന്നുവെന്നു മാത്രമല്ല അധികാരത്തിന്റെ മറവിൽ അഹങ്കാരികളായവർ സംഘടിതശക്തിയുടെ ധാർഷ്ഠ്യത്തിലും, സമുദായ ജാതി സംവരണത്തിന്റെ മറവിലും, രാഷ്ട്രീയത്തിന്റെ പിൻബലത്തിലും ജനങ്ങളോടു പ്രകടിപ്പിക്കുന്ന ധിക്കാരസമീപനത്തിന് അറുതി വരുത്തിയേ പറ്റൂ. നാടുഭരിക്കുന്നവർക്കു ഭ്രാന്തുപിടിച്ചിരിക്കുമ്പോൾ കൂടെ നിൽക്കുന്നവർ കൈയ്യിട്ടുവാരുന്ന അവസ്ഥയിലാണ് നാമിന്ന്. ഇവരാണുപോലും നവകേരളം പടുത്തുയർത്തുന്നവർ.**




അന്തസ്സും ആത്മാഭിമാനവും പണയപ്പെടുത്തി നാടിന്റെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും കടയ്ക്കൽ കത്തിവെച്ച് ജനനേതാക്കൾ കാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങൾ പരിധി കടന്നിരിക്കുമ്പോൾ ലോകമെമ്പാടുമുള്ള മലയാളിമക്കൾ ലജ്ജിച്ച് തലതാഴ്ത്തുകയാണ്. ജീവിത പ്രതിസന്ധികൾ കൂച്ചുവിലങ്ങിടുമ്പോഴും ദാരിദ്ര്യവും, വിശപ്പിന്റെ വിളിയുംമൂലം വയർ വലിച്ചുമുറുക്കുമ്പോഴും മലയാളി ഒരിക്കലും



അന്തസ്സും അഭിമാനവും കൈമോശംവരുവാൻ അനുവദിച്ചിരുന്നില്ല. ഈ ആത്മാഭിമാനമാണ് അതിജീവന പോരാട്ടമായി ലോകത്തെവിടെയും നെഞ്ചുനിവർത്തിനിൽക്കുവാൻ അവന് പ്രചോദനമേകുന്നത്.

ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് അക്ഷരം കൂട്ടിവായിക്കാൻ തുടങ്ങിയ നിമിഷം മുതൽ നെഞ്ചിലേറ്റി സൂക്ഷിച്ചിരുന്ന നിയമനിർമ്മാണ സഭകളെക്കുറിച്ചുള്ള വർണ്ണചിത്രങ്ങൾ തച്ചുടച്ചില്ലേ 2015 മാർച്ച് 13ന് നമ്മുടെ ജനനേതാക്കൾ. ഇടതും വലതും മുന്നണികൾ ചേർന്നുള്ള ഭരണപ്രതിപക്ഷങ്ങൾ മത്സരിച്ച് ജനാധിപത്യത്തെ കശാപ്പുചെയ്യുന്നത് നാം ചാനൽ ലോകത്തുകൂടി നേരിൽ കണ്ടു. **ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പായുന്ന വെടിയുണ്ടകൾക്കുനേരെ വിരിമാറുയർത്തി പൂർവ്വികർ നേടിത്തന്ന സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്ന ജനാധിപത്യ സംവിധാനത്തിന്റെ അധികാര കേന്ദ്രങ്ങളിലിരുന്ന് മത്തുപിടിച്ചിരിക്കുന്ന ജനപ്രതിനിധികളെ നാളെ ജനം തെരുവിൽ ചാട്ടവാറുകൊണ്ടടിച്ചാൽ അത്ഭുതപ്പെടുവാനില്ല.** അധികാരത്തിന്റെയും, അഴിമതിയുടെയും, ആരോപണപ്രത്യാരോപണങ്ങളുടെയും, മറവിൽ ജനങ്ങളെ മറന്നും പൊതുപ്രവർത്തനമൂല്യങ്ങളെ കാറ്റിൽപറത്തിയും ഏറ്റവും മ്ലേച്ഛമായ അവസ്ഥയിലേയ്ക്ക് ജനപ്രതിനിധികൾമാറുന്നത് ഈ സമൂഹത്തിനു തന്നെ അപമാനമാണ്. സ്കൂളിൽ നിന്നുവരുന്ന കുഞ്ഞിനെ നെഞ്ചോടു ചേർത്തുപിടിച്ച് ആദർശധീരന്മാരും വീരദേശാഭിമാനികളുമായ സ്വാതന്ത്ര്യസമര പോരാളികളുടെയും നിസ്വാർത്ഥ സേവകരായി സമൂഹത്തിന് നന്മകൾ സമൃദ്ധമായി വർഷിച്ചു കടന്നുപോയ മഹത് വ്യക്തിത്വങ്ങളുടെയും ചിത്രങ്ങളിലേയ്ക്ക് വിരൽചൂണ്ടി “മക്കളെ നിങ്ങൾ ഭാവിയിൽ ഇവരെപ്പോലെയാകണ”മെന്ന് ആവേശത്തോടെ പറഞ്ഞ അമ്മമാർ ചരിത്രത്തിന്റെ ഭാഗമായിരിക്കുന്നു. ഇന്നിന്റെ മാതാപിതാക്കൾ ആകാശത്തിലേയ്ക്ക് നോക്കി നിരുപദ്രവകാരിയായി നിശബ്ദമായി പ്രകാശം ചൊരിയുന്ന സൂര്യനെചൂണ്ടിക്കാട്ടി മക്കളെ, നാളെ നിങ്ങൾ ഉദിച്ചുയർന്ന് സൂര്യനെപ്പോലെ പ്രകാശം പരത്തണമെന്ന് പറയുവാൻ പഠിച്ചു. കാരണം മാതാപിതാക്കന്മാരൊഴിച്ച് ചൂണ്ടിക്കാട്ടുവാൻ മറ്റൊരു മാതൃക അവരുടെ മുമ്പിലില്ല.

**സമൂഹം മാതൃകകളാകേണ്ട ജനനേതാക്കളുടെ അധരമൊഴികളിലെ അശ്ലീലങ്ങളും അംഗവിക്ഷേപങ്ങളിലെ ആഭാസങ്ങളും അരോചകമായിനമ്മുടെ അഭിമാനത്തെതന്നെ ചോദ്യം ചെയ്യുന്നു. അത്രമാത്രം മൂല്യശോഷണമാണ് രാഷ്ട്രീയ ഭരണ രംഗത്ത് ഇന്ന് സംഭവിച്ചിരിക്കുന്നത്. എന്തിനേറെ, ഇവിടെ ഇന്ന് ജനങ്ങൾക്കായി ഒരു ഭരണമുണ്ടോ?**

ഓരോ ദിവസവും ജനജീവിതം കൂടുതൽ ദുഃഖദുരിതങ്ങളിലേയ്ക്ക് നീങ്ങുന്നു. കാർഷികമേഖലയിലെ വിലത്തകർച്ചയും നിത്യോപസാധനങ്ങളുടെ വിലക്കയറ്റവും സാധാരണ ജനങ്ങളെ ഏറെ തളർത്തിയിരിക്കുമ്പോൾ മാസാമാസം ഖജനാവിൽ നിന്നു ശമ്പളം വാങ്ങുന്നവർക്കും പൊതുജനത്തെ കൊള്ളയടിക്കുന്നവർക്കും ഇന്നും ഈ നാട്ടിൽ സുഖജീവിതം. **മണ്ണും പെണ്ണും അഴിമതിയും അക്രമവും കൊള്ളയും കവർച്ചയും പീഡനങ്ങളും നിത്യജീവിതത്തിന്റെ ഭാഗമായി നാം ഉൾക്കൊണ്ടോ? മോഹനസുന്ദരവാഗ്ദാനങ്ങളുടെ പെരുമ്പറമുഴക്കി ജനങ്ങളുടെ മുമ്പിൽ പല്ലിളിച്ച്, കൈകൂപ്പി താണുവണങ്ങി നിന്നവർ ഇന്നെവിടെ? ജനക്ഷേമം പ്രസംഗിച്ച് ദൈവനാമത്തിലും അല്ലാതെയും സത്യപ്രതിജ്ഞകൾ നടത്തി അധികാരത്തിലേറിയവരുടെ വഞ്ചനയുടെയും ജനദ്രോഹത്തിന്റെയും മുഖം നാം കാണുന്നില്ലേ?** രാഷ്ട്രീയ



കോലാഹലങ്ങളിൽ മുഴുകി പരസ്പരം വിഴുപ്പലക്കലുകൾ നടത്തുന്നവർ ജനങ്ങളെ മറന്നിരിക്കുന്നു. **മലമുകളിലേയ്ക്ക് കഷ്ടപ്പെട്ട് കല്ലുരുട്ടിക്കയറ്റിയിട്ട് കൈവിടുമ്പോൾ താഴേയ്ക്കുരുളുന്നത് നോക്കി കൈകൊട്ടിച്ചിരിക്കുന്ന നാറാണത്തുഭ്രാന്തൻ നമ്മുടെ ജനനേതാക്കളേക്കാൾ ഭേദമെന്ന് സമൂഹം ചിന്തിക്കുവാൻ തുടങ്ങിയിരിക്കുന്നു.** വാസ്തവത്തിൽ ഈ നാടിന്റെ യഥാർത്ഥ ചിത്രം മനസിലാക്കുവാൻ

ആരെങ്കിലും ശ്രമിക്കുന്നുണ്ടോ? കേരള സംസ്ഥാനത്ത് പിറന്നുവീഴുന്ന ഓരോ കുഞ്ഞും ജീവന്റെ തുടിപ്പിനോടൊപ്പം 34,000 രൂപയുടെയും കട ക്കാരനാകുകയാണിന്ന്. **ഇതിന്റെ യാഥാർത്ഥ്യമറിയണമെങ്കിൽ ധനത**



**ത്വശാസ്ത്രം മനഃപാഠമാക്കേണ്ട, മറിച്ച്, എക്കണോമിക് റിവ്യൂവി ലേക്കും ബജറ്റ്എസ്ടിമേറ്റിലേയ്ക്കും കണ്ണോടിച്ചാൽ മതി.**

2006ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലേറുമ്പോൾ പൊതു കടം 45,878 കോടിയായിരുന്നു. 2011-ൽ എൽ.ഡി.എഫ്. ഇറങ്ങുമ്പോ ഴിത് 78,670 കോടിയായി. യു.ഡി.എഫ്. ഭരണത്തിലേറി ഇതുവരെ കട ബാധ്യത 1,13,910 കോടിയായി മാറിയിരിക്കുന്നു. മാറിമാറി ഇടതുവ ലതു മുന്നണികൾ കേരളം ഭരിച്ച് തുഗ്ലക് പരിഷ്കാരങ്ങൾ നടപ്പിലാക്കി യപ്പോൾ കടബാധ്യതയിൽ ജനജീവിതം തകർന്നിരിക്കുന്നുവെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം.

ആളോഹരി നികുതിയുടെ അഖിലേന്ത്യാ ശരാശരി 6203 രൂപയാണ്. പശ്ചിമബംഗാളിലിത് 4234രൂപയും മദ്ധ്യപ്രദേശിൽ 4442 രൂപയുമാണെ ങ്കിൽ കേരളത്തിലെ ഒരു പൗരൻ കൊടുക്കുന്നത് 11, 511 രൂപയാണെന്ന് സംസ്ഥാനസർക്കാരിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

എങ്ങനെയും 5 കൊല്ലം പൂർത്തിയാക്കാനുള്ള നെട്ടോട്ടത്തിൽ അധി കാരകേന്ദ്രങ്ങളിൽ അഴിമതിയും അച്ചടക്കരാഹിത്യവും അധിക്ഷേപങ്ങളും




അരങ്ങുതകർത്താടുന്നു. **കൈയിട്ടുവാരിയും കൈക്കൂലി വാങ്ങിയും കൊഴുത്തുതടിച്ചിരിക്കുന്ന ഉദ്യോഗസ്ഥവൃന്ദങ്ങളുടെ മുമ്പിൽ നിയമ ങ്ങളെക്കുറിച്ചും വ്യവസ്ഥിതികളെക്കുറിച്ചും അറിവും പഠനവുമില്ലാത്ത ജനനേതാക്കൾ ഓഛാനിച്ചുനിൽക്കുന്ന ഗതികെട്ട അവസ്ഥ സാക്ഷര കേരളത്തിനുതന്നെ അപമാനമാണ്.** ജനാധിപത്യത്തിന്റെ മേന്മകളും അവകാശങ്ങളുമായി നാടുഭരിക്കുന്നതിപ്പോൾ ജനപ്രതിനിധികളല്ല; ഉദ്യോ ഗസ്ഥ തമ്പ്രാക്കളാണ്. 2010-11 ലെ റവന്യൂ കമ്മി 3,670 കോടിരൂപയാ യിരുന്നത് നാലുവർഷംകൊണ്ട് 22,000 കോടിയായി മാറിയിരിക്കുമ്പോൾ ഭരണം നടത്തുന്ന ഈ തമ്പ്രാക്കൾ അഴിമതിയുടെ അവതാരങ്ങളായി കൊഴുത്തുതടിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റ റവന്യൂവരുമാനം 45,428 കോടിയാണ്. കേന്ദ്രവിഹി തമായ 13,128 കോടി കൂട്ടിച്ചേർക്കുമ്പോൾ ആകെയിത് 58,556 കോടിയാ കും. സംസ്ഥാനത്തുള്ള സ്ഥിരം സർക്കാർ ജീവനക്കാർ 4,98,069 പേർ. താൽക്കാലിക ജീവനക്കാർ 13,418. ആകെ 5,11,487 പേർ. ഇവർക്കുള്ള ശമ്പളമാകട്ടെ 26,667 കോടി. പെൻഷനോ 13,172 കോടി. ആകെ 39,839 കോടി. സംസ്ഥാന സർക്കാർ പലിശയിനത്തിൽ അടയ്ക്കുന്നതാകട്ടെ 10,952 കോടി. ശമ്പളം, പെൻഷൻ, പലിശ ഇവ മൂന്നും ചേർന്ന് ആകെ 50,791 കോടി. ആകെ വരുമാനം 58,556 കോടി. അതായത് 7,765 കോടിരൂപയാണ് നാട്ടിലെ മൂന്നേകാൽ കോടിയിലേറെ ജനങ്ങൾക്കായി മാറ്റിവെയ്ക്കാവുന്നത്. കടമെടുത്തും, കടമെടുത്ത കോടികളിൽ നിന്നു കട്ടെടുത്തും ജനങ്ങൾക്ക് നിരന്തരവാഗ്ദാനം നൽകി വഞ്ചിച്ചും ഭരണം നടത്തുന്നവർക്ക് എങ്ങനെ ജനങ്ങളെ സേവിക്കാനാവും? വസ്തുത കൾ പഠിക്കുകയോ ഗ്രഹിക്കുകയോ ചെയ്യാതെ രാഷ്ട്രീയ അന്ധത ബാധിച്ച് അടിമപ്പണിചെയ്യുന്നവർ കൊട്ടിഘോഷിക്കുന്ന സമ്പദ്സമൃദ്ധി യുടെ നാളുകൾ സ്വപ്നം മാത്രമാണ്. 3 കോടി 34 ലക്ഷത്തിലെത്തി യിരിക്കുന്ന കേരളജനസംഖ്യയിലെ 5,11,487 പേർക്കായി നാടിന്റെ വരു മാനത്തിലെ സിംഹഭാഗവും മാറ്റിവെച്ചിരിക്കുകമാത്രമല്ല 2015 ഫെബ്രു വരിയിൽ 1196 കോടി രൂപ അധികബത്ത പ്രഖ്യാപിച്ച സംസ്ഥാന ഗവൺമെന്റ് മലയോരങ്ങളിലും ഇടനാട്ടിലും തീരദേശങ്ങളിലും ജീവി ക്കുന്ന ജനങ്ങളെ മറക്കുകയും വിഢികളാക്കുകയും ചെയ്തു.

എക്ണോമിക് റിവ്യൂവിലേയും ബജറ്റ് എസ്റ്റിമേറ്റിലേയും കണക്കു കൾ പ്രകാരം **കേരളത്തിൽ ആകെ 116 പൊതുമേഖലാ സ്ഥാപനങ്ങ ളുണ്ട്. ലാഭനഷ്ടകണക്കുകൾ ഓഡിറ്റ് ചെയ്ത് ഇതിനോടകം സമർപ്പി ച്ചിരിക്കുന്നത് ഇവയിൽ 91 സ്ഥാപനങ്ങൾ മാത്രം. നാഥനില്ലാക്കളരി യാണ് നമ്മുടെ സർക്കാർ സ്ഥാപനങ്ങളെന്നതിന് ഇതിൽപരം ഉദാ ഹരണം മറ്റെന്ത്? നൽകിയ കണക്കുപ്രകാരം ലാഭത്തിൽ ഉള്ളവ 47. നഷ്ടം സഹിച്ച് ജീവനക്കാരെ സംരക്ഷിക്കുവാനും തൊഴിലാളി യൂണി യനുകളെ പ്രീതിപ്പെടുത്തുവാനും പ്രവർത്തിക്കുന്നവ 44.** ലാഭത്തിൽ പ്രവർത്തിക്കുന്നവയിൽ മുമ്പൻ ബിവറേജസ് കോർപ്പറേഷനാണ്; 208 കോടി. ബാർ ഹോട്ടലുകൾ പൂട്ടിയിരിക്കുമ്പോഴും ഔട്ട്‌ലെറ്റുകളിലൂടെ ഒഴുകുന്ന മദ്യത്തിന്റെ അളവ് കൂടിയിരിക്കുന്നു. **കഴിഞ്ഞ നാളുകളിൽ ബാർഹോട്ടൽ എന്ന ഇടനിലക്കാരനിലൂടെ മദ്യം ഒഴുകിയിരുന്നെങ്കിൽ ഇപ്പോൾ സർക്കാർ നേരിട്ട് മദ്യഉത്സവം നടത്തുന്നു. ഘട്ടംഘട്ടമായി മദ്യനിരോധനമെന്ന സർക്കാർ തീരുമാനത്തെ വസ്തുതകൾ പഠി ക്കാതെ കരഘോഷം മുഴക്കി സ്വീകരിച്ചവർ സുപ്രീം കോടതിയിൽ ദുർബലമാകാവുന്ന സർക്കാർ വാദങ്ങളെ മുൻകൂട്ടികാണുന്നത് നല്ല ത്.**

ലാഭത്തിൽ പ്രവർത്തിക്കുന്ന മറ്റ് പ്രമുഖ സർക്കാർ സ്ഥാപനങ്ങൾ KSFE 176 കോടി, KFC 67.71 കോടി. നഷ്ടത്തിൽ ഒന്നാമൻ KSRTCയാണ്; 570 കോടി. വാട്ടർ അതോറിറ്റി 468.5 കോടി നഷ്ട ത്തിൽ പ്രവർത്തിക്കുമ്പോൾ സിവിൽ സപ്ലൈസ് 52 കോടി നഷ്ടത്തിൽ നിൽക്കുന്നു. മൊത്തം പൊതുമേഖലാജീവനക്കാരുടെ എണ്ണം 1,42,394. ഇതിൽ KSRTC യിൽ 47,374, ഇലക്ട്രിസിറ്റി ബോർഡിൽ 31,816. ജന ങ്ങളുടെ നികുതിപ്പണം ഒന്നുകൊണ്ടുമാത്രം കൊഴുത്തുതടിച്ചിരിക്കുന്ന കൂട്ടങ്ങൾ. 37,035 കോടിരൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇതുവരെയുള്ള നിക്ഷേപം.

12 ലക്ഷത്തോളം വരുന്ന റബർ കർഷകരുൾപ്പെടെ ഈ നാട്ടിലെ അടിസ്ഥാന ജനവിഭാഗത്തെ അവർ സംഘടിതശക്തിയല്ല എന്ന ഒറ്റ ക്കാരണത്താൽ അവഗണിക്കുന്ന രാഷ്ട്രീയ ഭരണനേതൃത്വങ്ങൾക്കുനേരെ വിരൽചൂണ്ടുവാൻ ജനങ്ങൾക്കാകണം. കാർഷികമേഖല തകർന്നടിയു ന്നതിന്റെ ചിത്രം ഇനിയും ഞങ്ങൾ ആവർത്തിച്ചു വരച്ചുകാട്ടുന്നില്ല. **വൻസാമ്പത്തിക തകർച്ച തുടരുമ്പോഴും നീറോ ചക്രവർത്തിയേ പ്പോലെ വീണ മീട്ടി രസിക്കുന്ന ഭരണനേതൃത്വങ്ങളുടെ കപട വാ ഗ്ദാനങ്ങളോട് പൊതുസമൂഹത്തിന് പ്രത്യേകിച്ച് യുവതലമുറയ്ക്ക് അറപ്പും വെറുപ്പുമാണ്.**

സപ്തതിയും കഴിഞ്ഞ് നവതിയും പിന്നിട്ടിരിക്കുമ്പോഴും അധികാര ത്തിന്റെ ആർത്തിയിൽ ഞങ്ങൾ ഇനിയും നവകേരളം സൃഷ്ടിക്കുമെന്ന് അലറിവിളിച്ച് പരസഹായത്താൽ ചാനലുകളിലും പൊതുവേദികളിലും പ്രത്യക്ഷപ്പെടുന്ന നേതൃത്വങ്ങൾ ഒരു ജനതയുടെ ക്ഷമയെ പരീക്ഷി ക്കുകയാണ്. രാഷ്ട്രീയ പൊതുപ്രവർത്തന മേഖലയെ അവജ്ഞയോടെ വീക്ഷിച്ച് ഒളിച്ചോടുന്ന യുവസമൂഹം നാളെ ഉയർത്തുന്ന വെല്ലുവിളി കളുടെ അതിഭീകരത നേരിടുവാൻ ഈ നാടിനാകുമോ? **രാഷ്ട്രീയ അപചയങ്ങൾക്കുനേരെ ശബ്ദമുയർത്തുവാനും പ്രതികരിക്കുവാനും നമുക്കാകണം. ഒളിച്ചോടുന്ന ഭീരുക്കളെയല്ല, ധീരമായി പോരാ ടുന്ന ചുണക്കുട്ടന്മാരെയാണ് നാടിനാവശ്യം. ഒരു മാറ്റത്തിന് നാം തയ്യാറായില്ലെങ്കിൽ ഈ നാട് തകർന്നുപോകും. കാലം നമുക്ക് മാ പ്പുനൽകില്ല.**

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# ആരാധനാലയങ്ങൾ ആക്രമിക്കാൻ അനുവദിക്കില്ല: രാജ്നാഥ്സിംഗ്

ന്യൂഡൽഹി: രാജ്യത്ത് ആരാധനാലയങ്ങൾക്കു നേരേ നടക്കുന്ന അക്രമങ്ങൾ വച്ചുപൊറുപ്പിക്കില്ലെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ്. ന്യൂനപക്ഷ സംരക്ഷണത്തിനായി ഏതറ്റം വരെയും പോകുമെന്നു പറഞ്ഞ മന്ത്രി, പക്ഷേ, മതപരിവർത്തന വിവാദം പിന്നാലെ വലിച്ചിഴി ക്കാനും മറന്നില്ല. മതപരിവർത്തനം ആവശ്യമാണോ എന്നതിനെക്കുറിച്ചു ദേശീയ സംവാദം വേണമെന്ന് ആഭ്യന്തരമന്ത്രി പിന്നീടു ട്വിറ്ററിൽ ആവശ്യപ്പെട്ടു.



മതന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങൾക്കു നേരേ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരേ കർശന നടപടിയെടുക്കും. ആക്രമണങ്ങൾ നടത്തി ന്യൂനപക്ഷ വിഭാഗങ്ങളെ ഭയപ്പെടുത്താനുള്ള ശ്രമം അനുവദിക്കില്ല. മതന്യൂനപക്ഷങ്ങൾക്കു സുരക്ഷാ ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണ്: രാജ്നാഥ് സിംഗ് പറഞ്ഞു.

അമ്പലത്തിനോ മുസ്‌ലിം പള്ളിക്കോ മറ്റേത് ആരാധനാലയത്തിനോ നേരേ ആക്രമണം നടന്നാലും കർശന നടപടി എടുക്കും. അക്രമത്തിനു പിന്നിൽ പ്രവർത്തിച്ചവർ ആരാണെന്നു തെളിഞ്ഞാൽ അവർക്കെതിരെ വിട്ടുവീഴ്ചയുണ്ടാകില്ലെന്നും പാക്കിസ്ഥാൻ അതിർത്തിയായ പഞ്ചാബിലെ അട്ടാരിയിൽ മന്ത്രി പറഞ്ഞു. ന്യൂനപക്ഷങ്ങൾക്ക് എല്ലാവിധ പിന്തുണയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. അട്ടാരിയിൽ ഒരു പൊതുചടങ്ങിൽ പങ്കെടുക്കാൻ എത്തിയപ്പോൾ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇതേസമയം, മതപരിവർത്തനം അടക്കമുള്ള കാര്യങ്ങളെക്കുറിച്ചു ദേശീയ സംവാദം വേണമെന്ന് രാജ്നാഥ് സിംഗ് പിന്നീട് ട്വിറ്ററിൽ നിർദേശിച്ചു. മറ്റു രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ മതപരിവർത്തനത്തിനെതിരേ നിയമം വേണമെന്ന് ആവശ്യപ്പെടുന്നുവെന്ന അസത്യവും തെറ്റിദ്ധാരണാജനകവുമായ ചോദ്യവും അദ്ദേഹത്തിന്റെ നാലു ട്വിറ്റർ ചോദ്യങ്ങളിൽ ഉൾപ്പെടുത്തിയതും ശ്രദ്ധേയമായി.

ദേശീയ സംവാദം ആവശ്യപ്പെട്ട് ആഭ്യന്തരമന്ത്രി ഉന്നയിച്ച ചോദ്യങ്ങൾ: 1. മതപരിവർത്തനം ആവശ്യമുണ്ടോ? 2. മതപരിവർത്തനം കൂടാതെ സാമൂഹികസേവനം ഇന്ത്യയിൽ നടത്താനാകില്ലേ? 3. ഇന്ത്യ പോലൊരു രാജ്യത്തിന്റെ ജനസംഖ്യാപരമായ പരിച്ഛേദത്തിലോ സ്വഭാവത്തിലോ എങ്ങനെയാണു മാറ്റം വരുത്താനാകുക? മറ്റു രാജ്യങ്ങളിൽ ന്യൂനപക്ഷങ്ങൾ അവരുടെ സംരക്ഷണത്തിനായി മതപരിവർത്തന വിരുദ്ധ നിയമങ്ങൾക്കായി വാദിക്കുമ്പോൾ ഇന്ത്യയിൽ എന്താണു വ്യത്യാസം?

എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും സമാധാനപരമായ സഹവർത്തിത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന രാജ്യമാണ് ഇന്ത്യയെന്നും രാജ്നാഥ് ട്വിറ്ററിൽ എഴുതുന്നു. നമുക്കു സൗഹാർദത്തോടെ കഴിയുന്ന ഇസ്‌ലാമിലെ 72 സെക്റ്റുകളുണ്ട്. ലോകത്തിലെ തന്നെ ഏറ്റവും പഴക്കമേറിയ ക്രൈസ്തവ പള്ളികളിലൊന്നു കേരളത്തിലുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ലോകത്തിൽ ഇത്രയേറെ വൈവിധ്യമുള്ളതും എന്നാൽ ഒരൊറ്റ ഇന്ത്യയായി നിലകൊള്ളുകയും ചെയ്യുന്ന വേറൊരു രാജ്യമില്ലെന്നും രാജനാഥ് സിംഗ് വിശദീകരിക്കുന്നു. രാജ്യത്ത് അടുത്തിടെയായി ആരാധനാലയങ്ങൾക്കു നേരേയുള്ള അക്രമങ്ങൾ പതിവായതിനു പിന്നാലെയാണു ന്യൂനപക്ഷ സംരക്ഷണത്തിനു കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തരമന്ത്രി പറഞ്ഞത്.

## ഐടി നിയമത്തിലെ 66 എ വകുപ്പ് സുപ്രീം കോടതി റദ്ദാക്കി

ന്യൂഡൽഹി: ഐടി നിയമത്തിലെ വിവാദ വകുപ്പ് 66 എ സുപ്രീം കോടതി റദ്ദാക്കി. ഈ നിയമം അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ലംഘനവും തുല്യത അവകാശത്തിന്റെ ലംഘനവുമാണെന്ന് സുപ്രീം കോടതി ഉത്തരവിൽ വ്യക്തമാക്കി. 66 എ വകുപ്പ് ഭരണഘടനാ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടിയ കോടതി കേരള പോലീസ് ആക്ടിലെ 118 ഡി വകുപ്പും റദ്ദാക്കി. സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ അപകീർത്തികരമായ അഭിപ്രായ പ്രകടനം നടത്തിയാൽ ഡിവൈഎസ്പിക്ക് മുകളിൽ റാംഗിലുള്ള പോലീസ് ഉദ്യോഗസ്ഥന് അറസ്റ്റ് വാറണ്ട് ഇല്ലാതെ തന്നെ പ്രതിയെ അറസ്റ്റ് ചെയ്യാൻ അനുവദിക്കുന്ന നിയമമാണ് 118 ഡി വകുപ്പ്.



രാജ്യത്തിന്റെ പരമാധികാരവും മതസൗഹാർദവും നിലനിർത്തുന്നതിന് നിരവധി നിയമങ്ങൾ നിലവിലുണ്ട്. അതിനു പുറമെ 66 എ എന്ന വകുപ്പ് കൂടി വേണമെന്ന് പറയുന്നത് അംഗീകരിക്കാനാവില്ല. രാജ്യത്ത് എല്ലാ പൗരൻമാർക്കും വിവരങ്ങൾ അറിയാനുള്ള അവകാശവും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ടെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് 66 എ എന്ന വകുപ്പ് ആവശ്യമാണെന്ന കേന്ദ്ര സർക്കാർ വാദം സുപ്രീം കോടതി തള്ളി. ഈ വകുപ്പു പ്രകാരമുള്ള കുറ്റത്തിനു മൂന്നു വർഷം വരെ തടവുശിക്ഷ ലഭിക്കാം. എന്നാൽ ഐടിനിയമത്തിലെ മറ്റൊരു വിവാദ നിയമമായ 69 എ വകുപ്പ് സുപ്രീം കോടതി നിലനിർത്തിയിട്ടുണ്ട്.

ശിവസേനാ അധ്യക്ഷൻ ബാൽ താക്കറെയുടെ മരണത്തിനു പിന്നാലെ നടന്ന മുംബൈ ബന്ദിനെതിരേ ഫേസ്ബുക്കിലൂടെ പ്രതികരിച്ച മലയാളിയടക്കം രണ്ടു പെൺകുട്ടികളെ അറസ്റ്റ് ചെയത സംഭവം ചോദ്യം ചെയ്ത് സമർപ്പിച്ച പൊതു താൽപര്യ ഹർജിയിലാണ് ചരിത്രപരമായ വിധിയുണ്ടായിരിക്കുന്നത്. ശ്രേയാ സിംഗാൾ എന്ന യുവതിയാണ് പൊതുതാൽപര്യ ഹർജിയുമായി 2012 ൽ സുപ്രീം കോടതിയെ സമീപിച്ചത്.

## ഹരിയാനയിൽ 60 പിന്നിട്ട എല്ലാ കർഷകർക്കും 5000 രൂപ പെൻഷൻ; സമാന പദ്ധതിയുടെ സൂചന നൽകി മോദി സർക്കാരും

ഛത്തീസ്ഗഢ്: 60 വയസ് പിന്നിട്ട കർഷകർക്ക് 5000 രൂപ പെൻഷൻ നൽകുമെന്ന് ഹരിയാനയിലെ ബിജെപി സർക്കാർ വ്യക്തമാക്കി. നിയമസഭയിൽ മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടറാണ് ഇതുസംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്. പഞ്ചാബിലെ ഹുസൈനിവാലയിൽ നടത്തിയ പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിനെപ്പറ്റി പരാമർശിച്ചിരുന്നു. ഇതിനു തൊട്ടുപുറകെയാണ് മോദിയുടെ പ്രഖ്യാപനത്തിന് സമാനമായ തീരുമാനം ഹരിയാന പ്രഖ്യാപിച്ചത്. 60 വയസിനുമേൽ പ്രായമുള്ള കർഷകർക്ക് പെൻ.ഷൻ നൽകാനുള്ള പദ്ധതി പിപിപി മോഡലിൽ നടപ്പാക്കുന്ന കാര്യം കേന്ദ്രസർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് മോദി പറഞ്ഞിരുന്നു.

രാജ്യത്തെ കർഷകർ ഇപ്പോഴുള്ളതിനേക്കാൾ ബഹുമാനവും സമാധാനവും അർഹിക്കുന്നുണ്ടെന്നാണ് ഖട്ടറിന്റേയും അഭിപ്രായം, ഈ സാഹചര്യത്തിലാണ് പ്രഖ്യാപനം. അതേ സമയം കേന്ദ്രസർക്കാരിൽ നിന്ന് സമാന രീതിയിലെ പെൻശൻ സംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ലെന്ന് ഹരിയാന സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

## ഫാ. ജോയി തോട്ടങ്കര നാഷണൽ കോ-ഓർഡിനേറ്റർ



ഓക്‌ലന്റ്: ന്യൂസിലൻഡിലെ സീറോ മലബാർ സഭാ സമൂഹങ്ങളുടെ നാഷണൽ കോ-ഓർഡിനേറ്ററായി ഓക്‌ലന്റ് സീറോ മലബാർ മിഷൻ ചാപ്ലെയിൻ ഫാ. ജോയി തോട്ടങ്കര സിഎസ്എസ്ആർ നിയമിതനായി.

ന്യൂസിലൻഡിലെ അപ്പസ്തോലിക് വിസിറ്റേറ്ററായ മെൽബൺ സീറോ മലബാർ രൂപത ബിഷപ് മാർ ബോസ്കോ പുത്തൂരിന്റെയും സീറോ മലബാർ സഭ സിനഡിന്റെയും നിർദേശാനുസരണം ന്യൂസിലൻഡ് കാത്തലിക് ബിഷപ്സ് കോൺഫറൻസ് അധ്യക്ഷനായ വെല്ലിംഗ്ടൺ ആർച്ച്ബിഷപ് കർദിനാൾ ജോൺ ഡ്യൂ ആണ് നിയമന ഉത്തരവ് നൽകിയത്.

മാർച്ച് 22നു എല്ലസ്‌ലി കാത്തലിക് പള്ളിയിൽ നടന്ന വിശുദ്ധ കുർബാന മധ്യേ അസിസ്റ്റന്റ് ചാപ്ലെയിൻ ഫാ. ജോബിൻ വന്യംപറമ്പിൽ നിയമന ഉത്തരവ് വായിക്കുകയും ഫാ. ജോയിക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

സീറോ മലബാർ സമൂഹത്തിനുവേണ്ടി സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ റെജി ചാക്കോ പൂച്ചെണ്ട് നൽകി. തുടർന്നു നടന്ന പാരിഷ് കൗൺസിൽ യോഗം ഫാ. ജോയി തോട്ടങ്കരയെ അനുമോദിക്കുകയും ബന്ധപ്പെട്ട അധികാരികളോടുള്ള ഓക്‌ലന്റ് സീറോ മലബാർ സമൂഹത്തിന്റെ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ഓക്‌ലന്റിലെ മുഴുവൻ സീറോ മലബാർ സമൂഹത്തിനുമുള്ള ഒരു അംഗീകാരമായി നിയമനത്തെ കാണുന്നുവെന്നു ഫാ. ജോയി തോട്ടങ്കര പറഞ്ഞു.

ന്യൂസിലന്റിലെ വിവിധ സീറോ മലബാർ സമൂഹത്തിലെ ചാപ്ലെയിന്മാരെയും അൽമായ പ്രതിനിധികളെയും ഉൾപ്പെടുത്തി നാഷണൽ കോ-ഓർഡിനേറ്റർ കൗൺസിൽ രൂപവൽക്കരിച്ച് സഭയുടെ പ്രവർത്തനം ഊർജിതപ്പെടുത്തുമെന്നു ഫാ. ജോയി തോട്ടങ്കര അറിയിച്ചു.

## വധശിക്ഷ അസ്വീകാര്യം:മാർപാപ്പ



വത്തിക്കാൻ സിറ്റി: വധശിക്ഷ ക്രൂരവും മനുഷ്യമഹത്വത്തിനു നിരക്കാത്തതുമാണെന്നു ഫ്രാൻസിസ് മാർപാപ്പ. വധശിക്ഷ ഒരവസരത്തിലും ന്യായീകരിക്കാനാവില്ല. കുറ്റം എത്ര ഗുരുതരമായാലും വധശിക്ഷ സ്വീകാര്യമല്ലെന്നു മാർപാപ്പ പറഞ്ഞു.

വധശിക്ഷയ്ക്കെതിരായ അന്താരാഷ്ട്ര കമ്മീഷന്റെ പ്രസിഡന്റിനയച്ച കത്തിലാണു മാർപാപ്പ നിലപാടു വ്യക്തമാക്കിയത്. കമ്മീഷനംഗങ്ങൾ കഴിഞ്ഞ ദിവസം മാർപാപ്പയെ സന്ദർശിച്ചു.

ഒരാളെ കൊന്നതുകൊണ്ടു നീതി നടപ്പാക്കാനാവില്ല. വധശിക്ഷ നടപ്പാക്കാൻ മാനുഷിക മാർഗങ്ങളുമില്ല. ജീവൻ പവിത്രമാണ്; കാരണം എല്ലാവരും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണ്. ഒരു കൊലപാതകത്തിനു പകരം മറ്റൊരു കൊലപാതകമല്ല ദൈവം ഇച്ഛിക്കുന്നത്. കൊലപാതകിയുടെ പശ്ചാത്താപവും അനുരഞ്ജനവുമാണു ദൈവം ആഗ്രഹിക്കുന്നത്: മാർപാപ്പ പറഞ്ഞു.

ദൈവകരുണയ്ക്കു വിപരീതമാണു വധശിക്ഷ. കരുണയാകണം മനുഷ്യരുണ്ടാക്കുന്ന നിയമവ്യവസ്ഥകളെ നയിക്കേണ്ടത്. തങ്ങളുടെ രാഷ്ട്രീയ എതിരാളികളെ കൊന്നൊടുക്കുന്ന സർവാധിപത്യ ഭരണകൂടങ്ങളെയും ന്യൂനപക്ഷങ്ങളെ കൊന്ന് ഇല്ലായ്മ വരുത്തുന്ന മതഭ്രാന്തരെയും മാർപാപ്പ അപലപിച്ചു. വധശിക്ഷ നീതി നൽകുകയല്ല, പ്രതികാരം വളർത്തുകയാണെന്നും മാർപാപ്പ ചൂണ്ടിക്കാണിച്ചു.

## ഓസ്ട്രേലിയയിൽ സീറോ മലബാർ രൂപത കാര്യാലയം ഉദ്ഘാടനം ചെയ്തു



മെൽബൺ: സെന്റ് തോമസ് സീറോ മലബാർ ഓസ്ട്രേലിയ രൂപത കാര്യാലയത്തിന്റെ ആശീർവാദകർമം മെൽബൺ ആർച്ച്ബിഷപ് ഡെന്നീസ് ഹാർട്ട് നിർവഹിച്ചു.

മെൽബണിനടുത്തുള്ള പ്രസ്റ്റണിലാണു രൂപത കാര്യാലയം പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. രൂപതയുടെ സിരാകേന്ദ്രമായ ഈ കാര്യാലയത്തിലാണു സീറോ മലബാർ രൂപതയുടെ അനുദിനപ്രവർത്തനങ്ങൾ നടക്കുന്നത്. മെൽബൺ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ, മെൽബൺ അതിരൂപത സഹായമെത്രാൻ ടെറി കർട്ടിൻ, വികാരി ജനറാൾ മോൺ. ഗ്രെഗ് ബെന്നറ്റ്, സീറോ മലബാർ രൂപത വികാരി ജനറാൾ ഫാ. ഫ്രാൻസിസ് കോലഞ്ചേരി, ചാൻസലർ ഫാ. മാത്യു കൊച്ചുപുരക്കൽ, മെൽബൺ അതിരൂപത പ്രതിനിധികൾ, വൈദികർ, സീറോ മലബാർ രൂപത കൗൺസിലുകളിലെ അംഗങ്ങൾ, വിവിധ ഇടവകയിലെ പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

രൂപത വികാരി ജനറാൾ ഫാ. ഫ്രാൻസിസ് കോലഞ്ചേരി സ്വാഗതം ആശംസിച്ചു. ഓസ്ട്രേലിയയിൽ സീറോ മലബാർ രൂപത സ്ഥാപനത്തിന്റെ ഒന്നാം വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ രൂപതാ കാര്യാലയത്തിന് ആരംഭം കുറിക്കാൻ സഹകരിച്ച എല്ലാവർക്കും ബിഷപ് ബോസ്കോ പുത്തൂർ നന്ദി പറഞ്ഞു. രൂപതയുടെ പ്രവർത്തനങ്ങൾക്ക് സഹകരണം നൽകി കൊണ്ടിരിക്കുന്ന മെൽബൺ ആർച്ച്ബിഷപ് ഡെന്നീസ് ഹാർട്ടിന്, മാർ ബോസ്കോ പുത്തൂർ നന്ദി പറഞ്ഞു. രൂപതയുടെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ ഏവരുടെയും സഹകരണവും പ്രാർഥനയും ഉണ്ടാകണമെന്ന് മാർ ബോസ്കോ പുത്തൂർ അഭ്യർഥിച്ചു.

## വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ടവർ മഹനീയ മാതൃക: മാർപാപ്പ

വത്തിക്കാൻ സിറ്റി: അചഞ്ചലമായ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ട സഹോദരങ്ങൾ കത്തോലിക്കാ സഭയ്ക്കു മഹനീയമായ മാതൃകകളാണെന്നു ഫ്രാൻസീസ് മാർപാപ്പ. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഓശാന ഞായർ തിരുക്കർമങ്ങൾക്കു മധ്യേ പ്രസംഗിക്കവെയാണു മാർപാപ്പ കഴിഞ്ഞ മാസം ലിബിയയിൽ ഐഎസ് ഭീകരരുടെ ക്രൂരതയ്ക്ക് ഇരകളായി കഴുത്തറത്തു കൊല്ലപ്പെട്ട 21 ഈജിപ്തുകാരായ കോപ്റ്റിക് ക്രിസ്ത്യാനികളുടെ വിശ്വാസ തീക്ഷ്ണതയെക്കുറിച്ചും അവരുടെ ധീര രക്തസാക്ഷിത്വത്തെക്കുറിച്ചും സൂചിപ്പിച്ചത്.

# രാഷ്ട്രീയത്തിനതീതമായി കർഷകർ ഒന്നിച്ചുനില്ക്കണം: മാർ മാത്യു അറയ്ക്കൽ

പാലക്കാട്: രാഷ്ട്രീയത്തിനതീതമായി കർഷകർ ഒന്നിച്ചു നിൽക്കണമെന്ന് കാഞ്ഞിരപ്പള്ളി ബിഷപ് മാർ മാത്യു അറയ്ക്കൽ. ദ പീപ്പിൾ രാഷ്ട്രീയേതര കർഷക പ്രതിനിധി സമ്മേളനം പാലക്കാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ് മാർ മാത്യു അറയ്ക്കൽ.

വിഭാഗീയതകൾ മാറ്റി കർഷകർ ഒിച്ചു നിന്നാൽ ആർക്കും അവഗണിക്കാനാവില്ല. അതിനുള്ള ശ്രമമാണ് ദ പീപ്പിൾ. അധികാര രാഷ്ട്രീയം മൂല്യാധിഷ്ഠിതമായെങ്കിൽ മാത്രമേ രാജ്യത്തെ ജനാധിപത്യവും ജനജീവിതത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുകയുള്ളുവെന്ന് ബിഷപ് ഉദ്ബോധിപ്പിച്ചു. ദ പീപ്പിൾ ലക്ഷ്യമിടുത് സമഗ്രമായ ഒരു മാറ്റമാണ്. ഗ്രാമങ്ങളിലെ ജനങ്ങളിലെ ഹൃദയം തൊട്ടുമനസിലാക്കുന്ന കർഷകരുടെ മുന്നേറ്റത്തിലൂടെയുള്ള മാറ്റമാണിതെന്നും ബിഷപ് പറഞ്ഞു.

കർഷകർ ഒരു സംഘടിതശക്തിയായി മാറരുതെന്നും വോട്ടുബാങ്ക് മാത്രമാവണമെന്നും ആഗ്രഹിക്കുന്നവരാണ് ഭരണകൂടങ്ങളെന്ന് ദ പീപ്പിൾ കോ-ഓർഡിനേറ്റർ ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ പറഞ്ഞു. പരസ്പരസഹകരണത്തിലൂടെ കർഷകർ ഒരുസംഘടിതശക്തിയായി നിൽക്കാനുള്ള ശ്രമമാണ് നടക്കുന്നതെും അദ്ദേഹം അഭിപ്രായപ്പെട്ടു.

കപടപരിസ്ഥിതി വാദികൾ കൃഷിക്കാരെ വിറ്റു കാശാക്കുകയാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ മുൻ എംഎൽഎ പി.സി. ജോസഫ് പറഞ്ഞു. കൊള്ളരുതായ്മകളുടെ സിരാകേന്ദ്രമാണ് ഭരണകൂടം. ദ പീപ്പിൾ അഴിമതിരഹിത സംഘടനയായി വളരും. സ്ഥാപിത ശക്തികൾ ഇതിനു മുന്നിൽ മുട്ടുമടക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദേശീയ കർഷക സമാജം ജില്ലാ പ്രസിഡന്റ് കെ.എ. പ്രഭാകരൻ അധ്യക്ഷതവഹിച്ചു. സെന്റർ ഫോർ കസ്യൂമർ എഡ്യുക്കേഷൻ മാനേജിംഗ് ട്രസ്റ്റി ഡിജോ കാപ്പൻ , ഹൈറേഞ്ച് സംരക്ഷണസമിതി ഭാരവാഹി സി.കെ. മോഹനൻ, പിഎസ്എസ്പി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, മറ്റു കർഷക സംഘടനാ പ്രതിനിധികളായ ജോസ് വെട്ടം, പി.എം. സണ്ണി, വി.വി. അഗസ്റ്റിൻ, ജിനറ്റ് മാത്യു എന്നിവർ പ്രസംഗിച്ചു. ദേശീയകർഷക സമാജം ജനറൽ സെക്രട്ടറി മുതലാംതോട് മണി സ്വാഗതവും ജോയിന്റ് സെക്രട്ടറി സി.എസ്. ഭഗവൽദാസ് നന്ദിയും പറഞ്ഞു.

## ഇൻഫാം ദേശീയ സമിതി ഏപ്രിൽ 16ന് കൊച്ചിയിൽ

കൊച്ചി: ഇൻഫാം ദേശീയസമിതി ഏപ്രിൽ 16ന് കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേരുന്നു. രാവിലെ 10.30ന് ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യും. ദേശീയ ചെയർമാൻ ഫാ.ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിക്കും. വിവിധ കാർഷിക ജനകീയ വിഷയങ്ങളെക്കുറിച്ച് പി.സി.സിറിയക്, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഡോ.എം. സി.ജോർജ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

തമിഴ്നാട്, കർണ്ണാടക, ആന്ധ്ര, മാഹാരാഷ്ട്ര, മേഘാലയ എന്നീ സംസ്ഥാനങ്ങളിലെ കർഷക പ്രസ്ഥാനങ്ങളുമായി ഇൻഫാം സഹകരിച്ചു പ്രവർത്തിക്കുന്നതിന്റെയും കേരളത്തിലെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെയും കർമ്മപരിപാടികൾക്ക് സമ്മേളനം രൂപം നൽകും. ഇൻഫാം ദേശീയ ഉപദേശക സമിതിയും രൂപീകരിക്കുന്നതാണ്. കർഷക ജനകീയ പ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ 'ദ പീപ്പിൾ' ന് ഇൻഫാം ദേശീയ സമിതി ഔദ്യോഗികമായി പിന്തുണ പ്രഖ്യാപിക്കും.

കെ.മൈതീൻ ഹാജി, ജോയി തെങ്ങുംകുടിയിൽ, ഫാ.ജോസ് മോനിപ്പള്ളി, ഫാ.ജോർജ്ജ് പൊട്ടയ്ക്കൽ, ഫാ.ജോസ് തറപ്പേൽ, ബേബി പെരുമാലിൽ, ജോസ് എടപ്പാട്ട്, ടോമി ഇളംതോട്ടം, കെ.എസ്.മാത്യു മാമ്പറമ്പിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകും. മലയോര, ഇടനാട്, തീരദേശ മേഖലകളിലെ കർഷക ജനകീയ പ്രശ്നങ്ങളെക്കുറിച്ച് സമ്മേളനം വിലയിരുത്തുന്നതും കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയിൽ ഇടപെടലുകൾ നടത്താത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് തുടർ പ്രക്ഷോഭപരിപാടികൾക്ക് സമ്മേളനം രൂപം നൽകുന്നതുമാണെന്ന് ജനറൽ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ അറിയിച്ചു.

# അധികാരത്തിലിരുന്നപ്പോൾ കർഷകരെ ദ്രോഹിച്ചവരുടെ ഇരട്ടത്താപ്പ് വിലപ്പോവില്ല

കോട്ടയം: കേന്ദ്രത്തിൽ പതിറ്റാണ്ടുകൾ അധികാരത്തിലിരുന്നപ്പോൾ റബർ കർഷകരെ ദ്രോഹിച്ചവരും അനിയന്ത്രിതമായ റബർ ഇറക്കുമതിക്ക് വ്യവസായികൾക്ക് ഒത്താശ ചെയ്തവരും ഇപ്പോൾ പാർലമെന്റിൽ കർഷകർക്കുവേണ്ടി വാദിക്കുന്നത് വിരോധാഭാസമാണെന്നും ഇവരുടെ ഇരട്ടത്താപ്പു നയവും കപട കർഷകസ്നേഹവും വിലപ്പോവില്ലെന്നും ഇൻഫാം ദേശീയസമിതി.

രാജ്യസഭയിൽ കഴിഞ്ഞ ദിവസം കർഷകർക്കുവേണ്ടി വാദിച്ചവരിൽ യുപിഎ മന്ത്രിസഭയിലെ ഏറ്റവും ഉത്തരവാദിത്വം വഹിച്ചവർ ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്. ലോകസഭയിൽ കർഷകർക്കുവേണ്ടി വാദിക്കുന്നവർ പലരും കഴിഞ്ഞ മന്ത്രിസഭയിൽ പങ്കുചേർന്നവരാണ്. അധികാരത്തിലിരുന്നപ്പോൾ റബർ കർഷകർക്കായി ചെറുവിരലനക്കാത്തവരുടെ കർഷകസ്നേഹത്തിന്റെ പിന്നാമ്പുറവും കപടതയും തിരിച്ചറിയുവാൻ ജനങ്ങൾക്കാവും. റബറിന്റെ അഡ്വാൻസ് ലൈസൻസ് കാലാവധി 6 മാസമായി കുറച്ച മോദി സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണെന്നും എൻഡിഎ സർക്കാരിന്റെ റബർ നയത്തിലൂടെ കർഷകർക്കനുകൂലമായ കൂടുതൽ തീരുമാനങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്നും കരടു റബർ നയം കർഷകരുമായി വിശദമായ ചർച്ചയ്ക്കു വിധേയമാക്കണമെന്നും ഇൻഫാം ദേശീയ സമിതി അഭ്യർത്ഥിച്ചു.

റബറിന് 150 രൂപ അടിസ്ഥാന വിലയും 20,000 ടൺ സംഭരിക്കുന്നതിനുവേണ്ടി 300 കോടി രൂപ ഉൾപ്പെടുത്തുന്നുവെന്ന സംസ്ഥാന ബജറ്റിലെ പ്രഖ്യാപനവും നിരന്തരം വാഗ്ദാനം നൽകി വഞ്ചിക്കുന്ന രാഷ്ട്രീയ കുതന്ത്രത്തിന്റെ ആവർത്തനമാണെന്ന് കർഷകർക്ക് ബോധ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. പ്രഖ്യാപനത്തിനു ശേഷം വില കുത്തനെ ഇടിയുന്നത് ഇതിനുദാഹരണമാണ്. സർക്കാരും വ്യവസായികളും റബർ വ്യാപാരികളുമായിട്ടുണ്ടാക്കിയതും മാർച്ച് 31ന് അവസാനിക്കുന്നതുമായ കരാറുകളും പരാജയപ്പെട്ടിരിക്കുമ്പോൾ റബർ കർഷകരോടുള്ള സംസ്ഥാന സർക്കാരിന്റെ നിഷേധ നിലപാടാണ് വ്യക്തമാകുന്നതെന്ന് ഇൻഫാം അരോപിച്ചു. രാഷ്ട്രീയത്തിനതീതമായി കർഷകർ സംഘടിക്കണമെന്നും വിവിധ കർഷക പ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ 'ദ പീപ്പിൾ' ശക്തിപ്പെടുത്തുവാൻ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നും ഇൻഫാം ആഹ്വാനം ചെയ്തു.

## റബർ പ്രതിസന്ധി – കർഷകന്റെ ആത്മഹത്യയെ നിസാരവൽക്കരിക്കാൻ ശ്രമിക്കരുത്: ഇൻഫാം

കോട്ടയം: റബർ വിലയിടിവിനെത്തുടർന്നുള്ള സാമ്പത്തികത്തകർച്ചയിൽ ജീവിതം പ്രതിസന്ധിയിലായ കർഷകന്റെ ആത്മഹത്യയെ നിസാരവൽക്കരിച്ചുകാണരുതെന്നും കർഷകരോടുള്ള നിഷേധ നിലപാടുമൂലം സർക്കാർ പ്രതിക്കൂട്ടിലായിരിക്കുന്നുവെന്നും ഇൻഫാം ദേശീയസമിതി.

റബർ കർഷകർ ആത്മഹത്യയുടെ വക്കിലാണെന്ന് മാസങ്ങൾക്കുമുമ്പേ ഇൻഫാം പലതവണ ആവർത്തിച്ചുപറഞ്ഞത് പലരും ചെവിക്കൊണ്ടില്ല. അത്രമാത്രം ഗുരുതരവും ദയനീയവുമായ അവസ്ഥയിലാണ് കർഷകരെന്ന് ഭരണരാഷ്ട്രീയ നേതൃത്വങ്ങൾ മനസ്സിലാക്കാത്തത് വേദനാജനകമാണ്. ഇനിയും ഇത്തരം ദുഃഖകരമായ സംഭവങ്ങൾ റബർ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ നാട്ടിൽ ആവർത്തിക്കപ്പെട്ടാം. ബജറ്റിലെ ഒറ്റവാക്കുകൊണ്ട് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. വാഗ്ദാനം നൽകി വഞ്ചിക്കുന്ന പ്രഖ്യാപനങ്ങൾക്ക് വരും നാളുകളിൽ സർക്കാർ വലിയ വിലനൽകേണ്ടിവരുമെന്നും ആത്മഹത്യാശ്രമങ്ങളിൽ നിന്ന് കർഷകർ പിന്തിരിയണമെന്നും ഇൻഫാം പറഞ്ഞു.


മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

51

## സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച)......

ആകയാൽ ഈ നവീകരണം സഭൈക്യപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പരമപ്രാധാന്യമർഹിക്കുന്നുണ്ട്. സഭാജീവിതത്തിന്റെ പല തുറകളിലും ഈ നവീകരണം നടന്നുകൊണ്ടിരിക്കുന്നു. വേദപുസ്തകസംബന്ധമായ പ്രസ്ഥാനങ്ങൾ, ആരാധനക്രമത്തിൽ വന്നിട്ടുള്ള പരിണാമങ്ങൾ, ദൈവവചനത്തിന്റെ പ്രഘോഷണവും വേദപഠനവും, അല്മായരുടെ പ്രേഷിതവൃത്തി, സന്യാസജീവിതത്തിന്റെ പുതിയ രീതികൾ, വൈവാഹികജീവിതത്തിന്റെ പവിത്രത, സഭയുടെ സാമൂഹ്യപഠനം, പ്രവർത്തനങ്ങൾ ഇവയെല്ലാം ഇതിനുദാഹരണങ്ങളാണ്. ഇവയെല്ലാം എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഭാസുരമായ ഭാവിയിലേയ്ക്ക് വിരൽചൂണ്ടുന്ന ചില വാഗ്ദാനങ്ങളും ശുഭസൂചനകളുമാണ്.

**ഹൃദയപരിവർത്തനം**–ആന്തരികപരിവർത്തനം കൂടാതെയുള്ള എക്യുമെനിസം സഭൈക്യമെന്ന പേരിനേ അർഹമല്ല. ഐക്യത്തിനുവേണ്ടിയുള്ള ദാഹം നാമ്പെടുക്കുകയും പക്വത പ്രാപിക്കുകയും ചെയ്യുന്നത് മനസ്സിന്റെ നവീകരണത്തിൽ നിന്നും സ്വയം പരിത്യാഗത്തിൽ നിന്നും സ്നേഹത്തിന്റെ ഉദാരമായ അർപ്പണത്തിൽ നിന്നുമാണ്. തന്മൂലം മറ്റുള്ളവർക്ക് സേവനം ചെയ്യാൻവേണ്ടി ആത്മാർത്ഥമായ സ്വയം ത്യാഗത്തിന്റെയും എളിമയുടെയും സൗമ്യശീലത്തിന്റെയും വരം ദിവ്യാരൂപിയിൽ നിന്നും യാചിക്കണം. വി.ശ്ലീഹാ എഫേസിയരെ ഉദ്ബോധിപ്പിക്കുന്നു: "കർത്താവിൽ തടവുകാരനായ ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു, നിങ്ങളെ വിളിച്ച വിളിക്കനുസരണമായി ജീവിക്കുക. പൂർണ്ണവിനയത്തോടും സൗമ്യതയോടും ക്ഷമയോടും സ്നേഹത്തോടുംകൂടി പരസ്പരം സഹായിച്ചുകൊണ്ട്, സമാധാനത്തിൽ ആത്മാവിന്റെ ഐക്യം പാലിക്കാൻ ശ്രദ്ധിക്കുക" (എഫേ.4:1–3). ക്രിസ്തുവിന്റെ ദൗത്യം തുടർന്നുകൊണ്ടുപോകാനായി പൗരോഹിത്യപദവികളിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്നവരെയാണ് ഈ ഉദ്ബോധനം പ്രധാനമായും സ്പർശിക്കുന്നത്. അവിടുന്ന് നമ്മുടെ ഇടയിൽ വന്നു, "സേവിക്കപ്പെടാനല്ല സേവിക്കാൻ" (മത്താ.20:28).

വി.യോഹന്നാൻ ശ്ലീഹാ പറയുന്നു: "നാം പാപം ചെയ്തിട്ടില്ലെന്നു പറയുന്ന പക്ഷം നാം ദൈവത്തെ നുണയനാക്കും. തന്റെ വചനം നമ്മിലുണ്ടായിരിക്കുകയുമില്ല" (1യോഹ.1:10). ഇത് ഐക്യത്തിനെതിരായ പാപത്തെ സംബന്ധിച്ചും ശരിയാണ്. അതിനാൽ ദൈവത്തോടും അകന്നുനിൽക്കുന്ന സഹോദരങ്ങളോടും, ഞങ്ങൾ മാപ്പിരക്കുന്നു. അതോടൊപ്പം നമ്മോടുചെയ്തിട്ടുള്ള എല്ലാ തെറ്റുകളും നാം ക്ഷമിക്കുകയും ചെയ്യുന്നു.

നമ്മുടെ കത്തോലിക്കാ സഹോദരർ ഒരു കാര്യം ഓർത്തിരിക്കുന്നത് നന്ന്. എത്രയധികമായി അവർ സുവിശേഷത്തിന് അനുസരണമായ കൂടുതൽ പരിശുദ്ധ ജീവിതം നയിക്കാൻ



ഐക്യത്തിനായുള്ള പ്രാർത്ഥനാവരങ്ങൾ സഭൈക്യസമ്മേളനങ്ങൾ മുതലായ പ്രത്യേക സാഹചര്യങ്ങളിൽ തങ്ങളുടെ വേർപെട്ട സഹോദരങ്ങളോടു കത്തോലിക്കർ ഒന്നുചേർന്നു പ്രാർത്ഥിക്കുന്നത് അനുവദനീയം മാത്രമല്ല, അഭിലഷണീയം കൂടിയാണ്.

ബദ്ധപ്പെടുമോ അത്രയധികമായി അവർ ക്രൈസ്തവൈക്യം ത്വരിതപ്പെടുത്തും. അതു പ്രവൃത്തിപദത്തിലെത്തിക്കുകയും ചെയ്യും. പിതാവിനോടും പുത്രനോടും പരിശുദ്ധാരൂപിയോടുമുള്ള ഐക്യം എത്ര ഗാഢമായിരിക്കുന്നുവോ അത്രയധികം ഗാഢമായും എളുപ്പത്തിലും പരസ്പര സാഹോദര്യം പുഷ്ടിപ്പെടുത്തുവാൻ കഴിയും.

**ഏകയോഗമായ പ്രാർത്ഥന**–ക്രൈസ്തവ ഐക്യത്തിനായുള്ള രഹസ്യവും പരസ്യവുമായ പ്രാർത്ഥനകളോടുകൂടി ഈ ഹൃദയപരിവർത്തനവും ജീവിത വിശുദ്ധിയും സഭൈക്യപ്രസ്ഥാനത്തിന്റെ അന്തരാത്മാവായി വിലമതിക്കണം. അതിനെ ആത്മീയ എക്യുമെനിസം എന്നു ന്യായമായി വിളിക്കാം. അവർ എല്ലാവരും ഒന്നാകാൻവേണ്ടി (യോഹ.17:20) ക്രിസ്തു തന്റെ മരണത്തിന്റെ തലേരാത്രി സ്വന്തപിതാവിനോട് തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചു. അതേ പ്രാർത്ഥനയ്ക്കായി കത്തോലിക്കർ കൂടെക്കൂടെ ഒന്നുചേരുക സർവ്വസമ്മതമായ ഒരു നടപ്പാണ്.

ഐക്യത്തിനായുള്ള പ്രാർത്ഥനാവരങ്ങൾ സഭൈക്യസമ്മേളനങ്ങൾ മുതലായ പ്രത്യേക സാഹചര്യങ്ങളിൽ തങ്ങളുടെ വേർപെട്ട സഹോദരങ്ങളോടു കത്തോലിക്കർ ഒന്നുചേർന്നു പ്രാർത്ഥിക്കുന്നത് അനുവദനീയം മാത്രമല്ല, അഭിലഷണീയം കൂടിയാണ്. ഇപ്രകാരമുള്ള സംയുക്ത പ്രാർത്ഥനകൾ ഐക്യത്തിനുവേണ്ടിയുള്ള പ്രസാദവരത്തിന്റെ ചാലുകൾ തുറക്കാൻ ഫലവത്തായ മാർഗ്ഗങ്ങളാണ്. മാത്രമല്ല കത്തോലിക്കർക്ക് തങ്ങളുടെ വേർപെട്ട സഹോദരങ്ങളോടുള്ള അഭേദ്യബന്ധത്തെ ഇവ യഥാതഥം പ്രകാശിപ്പിക്കുകയും ചെയ്യുന്നുണ്ട്. "എന്തുകൊണ്ടെന്നാൽ എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുന്നിടത്തെല്ലാം അവരുടെ മദ്ധ്യേ ഞാനുമുണ്ടായിരിക്കും" (മത്താ. 18:20).

എന്നാൽ വിശുദ്ധമായവയിലുള്ള സമ്പർക്കത്തെ സംബന്ധിച്ചിടത്തോളം ഇത് വിവേചനാരഹിതമായി ക്രൈസ്തവൈക്യത്തിനായുള്ള മാർഗ്ഗമെന്ന നിലയിൽ സ്വീകരിക്കുന്നത് അഭിലഷണീയമല്ല. രണ്ടു തത്വങ്ങളെയാണ് ഇപ്രകാരമുള്ള പൊതുവായ സമ്പർക്കം പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. ഒന്ന്: സഭയുടെ ഏകത്വത്തെ സൂചിപ്പിക്കുക രണ്ട്: പ്രസാദവരത്തിനുള്ള മാർഗ്ഗങ്ങളിൽ പങ്കുപറ്റുക. സഭയുടെ ഏകത്വത്തെ സൂചിപ്പിക്കുക എന്നതുതന്നെ ഈ പൊതുസമ്പർക്കത്തെ സാമാന്യമായി നിരോധിക്കുന്നു. എന്നതിനാൽതന്നെ അത് പൊതുവായ ആരാധനയിൽ പങ്കെടുക്കുന്നതിനെ സാമാന്യമായി നിരുത്സാഹപ്പെടുത്തുന്നു. എങ്കിലും ചിലപ്പോൾ ഇവയിൽനിന്നുണ്ടാകുന്ന സത്ഫലങ്ങളെ പരിഗണിച്ച് വിശുദ്ധമായവയുടെ പൊതുവായ അനുഷ്ഠാനത്തിനംഗീകാരം നല്കാറുണ്ട്. എങ്കിലും വ്യക്തികൾ, സ്ഥലം, കാലം, സാഹചര്യങ്ങൾ എന്നിവയെല്ലാം വേണ്ടവിധം പരിഗണിച്ചശേഷം സ്ഥലത്തെ മെത്രാനാണ് ഇങ്ങനെയൊരംഗീകാരം നൽകേണ്ടത്.

(തുടരും)

# പ്രാർത്ഥനാധിഷ്ഠിത ജീവിതം



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

7



42. നമ്മുടെ ജീവിതത്തിന്റെ വിശുദ്ധീകരണത്തിനായി നാം പ്രാർത്ഥിക്കുമ്പോൾ അതോടൊപ്പം നാം ചേർത്തുവയ്ക്കേണ്ട അപേക്ഷയാണു പ്രലോഭനങ്ങളിൽ വീഴാതിരിക്കുവാനുള്ള അനുഗ്രഹം. നമ്മുടെ ജീവിതത്തിന്റെ വിശുദ്ധീകരണത്തിനായി നാം ശ്രമിക്കുമ്പോഴും പ്രലോഭനങ്ങൾ നമ്മെ അടിപ്പെടുത്താനിടയുണ്ടു എന്നറിയാവുന്നതുകൊണ്ടാണ് "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ് ദുർബല"മാകുമെന്നു അനുസ്മരിപ്പിച്ചുകൊണ്ട് "ഇവയിൽ നിന്നെല്ലാം രക്ഷപ്പെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻവേണ്ട കരുത്തു ലഭിക്കാൻ സദാ പ്രാർത്ഥിച്ചുകൊണ്ടു ജാഗരൂകരായിരിക്കുവിൻ" (ലൂക്കാ 21:34-36) എന്നു യേശു ആഹ്വാനം ചെയ്തിരിക്കുന്നത്. പ്രലോഭനത്തിന്റെ ശക്തിയെക്കുറിച്ച് അവിടുത്തേക്കുണ്ടായിരുന്ന അവബോധം മൂലമാണ് "പ്രലോഭനത്തിൽ അകപ്പെടാതിരിക്കുവാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ; ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്" (മത്തായി 26:41) എന്നു അവിടുന്നു നമ്മോടു ഉപദേശിക്കുന്നത്. പ്രലോഭനങ്ങളിൽ വീഴാതിരിക്കുവാൻ നാം പ്രാർത്ഥിച്ചാൽ "അവയെ അതിജീവിക്കുവാൻ വേണ്ട ശക്തി അവിടുന്നു നിങ്ങൾക്കു നൽകും" (1 കോറി. 10-13) എന്നു ദൈവവചനം നമുക്കു ഉറപ്പു നൽകുന്നുണ്ട്.

43. "മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും" (1 കോറി. 10:13) നമുക്കു നേരിടുകയില്ല എന്ന ഉറപ്പും നമുക്കുണ്ട്. എങ്കിലും അവയെ നേരിടുവാനുള്ള ശക്തി നമുക്കാവശ്യമാണ്. പ്രത്യേകിച്ചും നമ്മുടെ ദൈവവിളിയുടെ പശ്ചാത്തലത്തിൽ. "നമ്മുടെ ദൈവം നിങ്ങളെ തന്റെ വിളിക്കു യോഗ്യരായി പരിഗണിക്കുന്നതിനും നിങ്ങളുടെ എല്ലാ സദുദ്ദേശ്യങ്ങളും വിശ്വാസത്തിന്റെ പ്രവൃത്തികളും തന്റെ ശക്തിയാൽ പൂർത്തീകരിക്കുന്നതിനുമായി ഞങ്ങൾ സദാ പ്രാർത്ഥിക്കുന്നു" (2 തെസ. 1:11) എന്നു പൗലോസ് ശ്ലീഹാ എഴുതിയെങ്കിൽ നമ്മുടെ ദൈവവിളിക്കനുസൃതമായി ജീവിക്കുവാൻ നാം എത്രമാത്രം പ്രാർത്ഥിക്കണമെന്നു വ്യക്തമാണല്ലോ.

44. നമ്മുടെ ദൈവവിളിക്കനുസൃതമായി ജീവിക്കുക എന്നു പറഞ്ഞാൽ ഓരോനിമിഷവും ദൈവത്തിന്റെ ഹിതമനുസരിച്ചു അവിടുത്തെ വചനം പാലിച്ചുകൊണ്ടു ജീവിക്കുക എന്നുള്ളതാണ്. ഇക്കാര്യം അറിയാമായിരുന്നതുകൊണ്ടാണു, "നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ നിന്നു ഞങ്ങൾ വിരമിച്ചിട്ടില്ല; നിങ്ങൾ പൂർണമായ ജ്ഞാനവും ആത്മീയ അറിവും വഴി ദൈവഹിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൊണ്ടു നിറയാൻ വേണ്ടിയാണ് ഞങ്ങൾ പ്രാർത്ഥിക്കുന്നത്" (കൊളോ. 1:9) എന്നു പൗലോസ് ശ്ലീഹാ എഴുതിയത്. "കർത്താവിനു യോജിച്ചതും അവിടുത്തേക്കു തികച്ചും പ്രീതിജനകവുമായ ജീവിതം നയിക്കാൻ നിങ്ങൾക്കു ഇടയാകട്ടെ" എന്നും അദ്ദേഹം തുടർന്നു എഴുതുന്നുണ്ട് (1:10).

45. ദൈവഹിതമനുസരിച്ചുള്ള ജീവിതം എന്നു പറയുന്നതു ദൈവവചനമനുസരിച്ചുള്ള ജീവിതമാണ്. തന്മൂലം, ദൈവവചനത്തിൽ പറയുന്നതനുസരിച്ചു ജീവിക്കുവാനുള്ള അനുഗ്രഹത്തിനായി നാം പ്രാർത്ഥിക്കണം (2 തെസ. 3:1). ദൈവവചനം ചൂണ്ടിക്കാണിക്കുന്നതനുസരിച്ചു, നാം വിശ്വാസത്തിൽ ക്ഷയിക്കാതിരിക്കുന്നതോടൊപ്പം (ലൂക്കാ 22:31) വിശ്വാസത്തിൽ വളരുവാനും വേണ്ടി പ്രാർത്ഥിക്കണം (ലൂക്കാ 17:5). അതുപോലെ, നാം സ്നേഹത്തിൽ വളരുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നതോടൊപ്പം (ഫിലിപ്പി. 1:9) ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം (മത്തായി 5: 43-44). ദൈവവചനത്തിനു പ്രചാരവും മഹത്വവുമുണ്ടാകുവാനും (2 തെസ. 3:1) ദൈവവചനം ധൈര്യപൂർവം പ്രഘോഷിക്കുവാനുള്ള അനുഗ്രഹത്തിനായിട്ടും (നടപടി 4:31; എഫേ. 6:19) അജപാലനശുശ്രൂഷ നന്നായി നിർവഹിക്കുവാനായിട്ടും (നടപടി 20:28) ദൈവവിളിയുടെ വർദ്ധനക്കാ(മത്തായി 9:38)യിട്ടുമൊക്കെ നാം പ്രാർത്ഥിക്കണം. നമ്മിൽ "ജ്ഞാനം കുറവുള്ളവർ ദൈവത്തോടു ചോദിക്കട്ടെ; അവനു അതു ലഭിക്കും" (യാക്കോബ് 1:5) എന്ന ദൈവവചനം അനുസ്മരിച്ചു നമുക്കു വിവേകവും വിജ്ഞാനവും ഉണ്ടാകുവാനും വേണ്ടി പ്രാർത്ഥിക്കണം. നമ്മുടെ ജീവിതത്തിൽ എപ്പോഴും ആവശ്യമായിട്ടുള്ള പരിശുദ്ധാത്മാവിന്റെ ദാനങ്ങളായ ജ്ഞാനം, വിവേകം, ഉപദേശം, ധൈര്യം, അറിവ്, ദൈവഭക്തി, ദൈവഭയം (ഏശയ്യാ 11: 2) എന്നിവ ലഭിക്കുന്നതിനും പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ. 5:22) എന്നിവ നമ്മിലുണ്ടാകുന്നതിനും വേണ്ടി നാം പ്രാർത്ഥിക്കണം.

**ദൈവഹിതമനുസരിച്ചുള്ള ജീവിതം എന്നു പറയുന്നതു ദൈവവചനമനുസരിച്ചുള്ള ജീവിതമാണ്. തന്മൂലം, ദൈവവചനത്തിൽ പറയുന്നതനുസരിച്ചു ജീവിക്കുവാനുള്ള അനുഗ്രഹത്തിനായി നാം പ്രാർത്ഥിക്കണം (2 തെസ. 3:1). ദൈവവചനം ചൂണ്ടിക്കാണിക്കുന്നതനുസരിച്ചു, നാം വിശ്വാസത്തിൽ ക്ഷയിക്കാതിരിക്കുന്നതോടൊപ്പം (ലൂക്കാ 22:31) വിശ്വാസത്തിൽ വളരുവാനും വേണ്ടി പ്രാർത്ഥിക്കണം (ലൂക്കാ 17:5). അതുപോലെ, നാം സ്നേഹത്തിൽ വളരുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കണം (ഫിലിപ്പി. 1:9).**

## മധ്യസ്ഥപ്രാർത്ഥന

46. "പ്രാർത്ഥനയിലൂടെയും അപേക്ഷകളിലൂടെയും കൃതജ്ഞതസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ" (ഫിലിപ്പി 4:6) എന്നാണു ദൈവവചനം പറയുന്നത്. അങ്ങനെ നാം സമർപ്പിക്കേണ്ട യാചനകളിൽ നമ്മുടെ ബന്ധുക്കളും സ്നേഹിതരുമടക്കം എല്ലാവർക്കും വേണ്ടിയുള്ള അപേക്ഷയും ഉണ്ടാകണം. കാരണം, "എല്ലാവർക്കും വേണ്ടി അപേക്ഷകളും യാചനകളും മധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്നു" (1 തിമോത്തി 2:1) ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിൽ ഭരണാധികാരികൾക്കും ഉന്നതസ്ഥാനീയർക്കും (1 തിമോത്തി 2:2) എല്ലാ വിശ്വാസികൾക്കും (എഫേ 6: 18) ആത്മീയാധികാരികൾക്കും (2 കോറി 1:11; 1 തെസ. 5:25; ഹെബ്രായർ 13:18) വചനപ്രഘോഷകർക്കും (എഫേ 6:9) കാരാഗൃഹത്തിൽ കഴിയുന്നവർക്കും (നടപടി 12:5) രോഗികൾക്കും (1 രാജാക്കന്മാർ 13:6; യാക്കോബ് 5:14; മത്തായി 8:5-13) പാപികൾക്കും (പുറപ്പാട് 32:31-32) മരിച്ചവർക്കും (മക്കബായർ: 44-45) മറ്റുള്ളവരുടെയും നമ്മുടെയും നല്ലമരണത്തിനുവേണ്ടിയു(ലൂക്കാ 2: 29)മൊക്കെയുള്ള പ്രാർത്ഥന ഉൾപ്പെടണം. ലോകസമാധാനത്തിനും സകലരുടെയും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള യാചന (സങ്കീ. 122: 7) നമ്മുടെ പ്രാർത്ഥനയിലുണ്ടാവണം. കാരണം, മറ്റുള്ളവർക്കു വേണ്ടി അവരുടെ ആവശ്യങ്ങളിൽ മധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ കടപ്പെട്ട അജപാലകരുമാണല്ലോ നമ്മൾ (നടപടി 20:28).

(തുടരും)

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ

## അദ്ധ്യായം 5

### 1.അല്മായ വിശ്വാസികൾ: സഭയുടെ അപ്പസ്തോലിക പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ

അല്മായരെക്കുറിച്ചുള്ള സാർവ്വത്രിക സഭയുടെ സിനഡിനുശേഷം പരിശുദ്ധ പിതാവ് വി. ജോൺ പോൾ രണ്ടാമൻ സഭയിലും ലോകത്തിലും അല്മായ വിശ്വാസികൾക്കുള്ള വിളിയും ദൗത്യവും സംബന്ധിച്ചുള്ള അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. 1987 ഒക്ടോബർ 1 മുതൽ 30 വരെ നടന്ന സഭയുടെ ഏഴാമത് സാധാരണ സിനഡ് ചർച്ചചെയ്തത് “സഭയിലും ലോകത്തിലും അല്മായ വിശ്വാസികളുടെ വിളിയും ദൗത്യവും” (The Vocation and Mission of the Lay Faithful in the Churrch and in the World) എന്ന വിഷയത്തെക്കുറിച്ചാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ “അല്മായ പ്രേഷിതത്വ”(Apostolicam Actuositatem)ത്തിന്റെ വെളിച്ചത്തിലാണ് 1987–ലെ സിനഡിലെ ചർച്ചകൾ മുന്നോട്ടുപോയത്. ഒരു മാസത്തോളം നീണ്ടുനിന്ന സിനഡ് അവസാനിച്ചപ്പോൾ സഭയിലും സമൂഹത്തിലും അല്മായരുടെ വിളിയെയും ദൗത്യത്തെയും കുറിച്ച് 54 നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. സിനഡ് സമർപ്പിച്ച നിർദ്ദേശങ്ങളിൽ നിന്നാണ് അപ്പസ്തോലിക ആഹ്വാനമായ “അല്മായ വിശ്വാസികൾ” (Christifideles Laici) രൂപംകൊണ്ടത്. 1988 ഡിസംബർ 30ന് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ “അല്മായ വിശ്വാസികൾ” പ്രസിദ്ധീകരിച്ചു.

അല്മായർ തങ്ങളുടെ ദൗത്യം നിർവഹിക്കേണ്ടത് അവരവരുടെ പ്രവർത്തനമണ്ഡലങ്ങളിൽ വ്യാപൃതരായിക്കൊണ്ടാണ്. **കുടുംബം, വിദ്യാലയം, സംഘടനകൾ, സാമുദായികരംഗം, രാഷ്ട്രീയം** എന്നിവ അല്മായരുടെ പ്രവർത്തനമേഖലകളാണ്. അല്മായർക്ക് തങ്ങളുടെ ദൗത്യം തനിച്ചും സംഘടിച്ചും നിർവഹിക്കാം, യഥാർത്ഥ ക്രൈസ്തവജീവിതത്തിൽ നിന്നു മുളയെടുക്കുന്നതും വ്യക്തിനിഷ്ഠവുമായ അല്മായ ദൗത്യത്തിനു പകരം നിൽക്കാൻ മറ്റൊന്നില്ല. സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അല്മായ പ്രേഷിതത്വത്തിന് വലിയ പങ്കുണ്ട്. ദൈവാലയത്തിൽ മാത്രമല്ല ഒരു വ്യക്തി ക്രിസ്ത്യാനിയായിരിക്കേണ്ടത്. ദൈവാലയത്തിന് പുറത്ത് ക്രൈസ്തവർ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന ക്രിസ്ത്യാനിയായി ജീവിക്കാൻ കഴിയണം. ‘‘ലോകത്തിന്റെയും ലൗകികപ്രവർത്തനങ്ങളുടെയും മധ്യേ ജീവിക്കുകയെന്നത് അല്മായസ്ഥിതിക്കു യോജിച്ചതുതന്നെയാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ചൈതന്യത്താൽ ജ്വലിച്ച് ലോകത്തെ പുളിപ്പിക്കുന്ന മാവെന്നപോലെ സ്വന്തം ദൗത്യം നിർവഹിക്കാൻ ദൈവം അല്മായരെ വിളിച്ചിരിക്കുന്നു” (AA).

### 2. അല്മായരുടെ ചുമതലകളും ദൗത്യങ്ങളും

സഭയിൽ അജപാലകരുടെയും അല്മായരുടെയും പ്രവർത്തനങ്ങൾ പരസ്പരം പൂരകങ്ങളാണ്. പൗരോഹിത്യ ശുശ്രൂഷയുടേതായ ചില ഔദ്യോഗിക ചുമതലകളും സ്ഥാനങ്ങളും, സാർവത്രിക നിയമത്തിന്റെ മാനദണ്ഡമനുസരിച്ച് അടിയന്തരമായ ആവശ്യം നേരിടുമ്പോൾ, അജപാലകർക്ക് അല്മായരെ ഭരമേൽപ്പിക്കാവുന്നതാണ്. എന്നാൽ അവ തിരുപ്പട്ടം സ്വീകരിച്ചവർക്കു മാത്രമായി നീക്കിവച്ചിട്ടുള്ളവയാകരുത്.



കാനൻ നിയമസംഹിത ഇങ്ങനെ പറയുന്നു: “സഭയിൽ അത്യാവശ്യം നേരിടുമ്പോഴും പുരോഹിതന്മാർ ഇല്ലാതെ വരുമ്പോഴും പട്ടം സ്വീകരിച്ച വായനക്കാരോ (lectors) ബലിശുശ്രൂഷകരോ (Acolytes) അല്ലെങ്കിൽ പോലും അല്മായർക്ക് ചില ഔദ്യോഗിക ചുമതലകൾ നിർവഹിക്കാനാകും. ഉദാഹരണമായി വചനശുശ്രൂഷ നടത്തുക, ആരാധനക്രമ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുക, ജ്ഞാനസ്നാനം നൽകുക, ദിവ്യകാരുണ്യം നൽകുക എന്നീ ജോലികൾക്ക് സഭാനിയമത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് അല്മായരുടെ സേവനം നേടാവുന്നതാണ്. എന്നിരുന്നാലും അത്തരം സേവനങ്ങൾ അല്മായരെ അജപാലകരാക്കി മാറ്റുന്നില്ല. അനുഷ്ഠിക്കുന്ന ജോലിയുടെ പേരിൽ ഒരാൾ വൈദികശുശ്രൂഷി ആകുന്നില്ല. പിന്നെയോ, പൗരോഹിത്യകൂദാശ വഴിയാണ്, പൗരോഹിത്യകൂദാശ മാത്രമേ, ഇടയനും ശിരസ്സുമായ ക്രിസ്തുവിന്റെ ദൗത്യത്തിലും നിത്യമായ പൗരോഹിത്യത്തിലും ഒരു പ്രത്യേക പങ്കാളിത്തം പുരോഹിതശുശ്രൂഷകനു നൽകുന്നുള്ളൂ. അല്മായർ വൈദികർക്കുപകരം അനുഷ്ഠിക്കുന്ന പൗരോഹിത്യ ചുമതലകളുടെ നിയമസാധുത അജപാലകരിൽ നിന്നും അതുപോലെ സഭാധികാരികളുടെ നിയന്ത്രണത്തിലുള്ള അതിന്റെ അനുഷ്ഠാനത്തിൽ നിന്നും ഔപചാരികമായും നേരിട്ടും കൈവരുന്നതാണ്.

### 3. പ്രാദേശികസഭയിലെ അല്മായ പങ്കാളിത്തം

പ്രാദേശികസഭയോടുള്ള തങ്ങളുടെ ആത്മബന്ധം സജീവമായി പ്രകടിപ്പിച്ചു ജീവിക്കാൻ സൂനഹദോസ് അല്മായവിശ്വാസികളെ ശക്തമായി പ്രോത്സാഹിപ്പിക്കുന്നു, അതേസമയം എന്നാളും വളർന്നുവരുന്ന സാർവ്വത്രികാരൂപി (Catholic Spirit) അവർ സ്വന്തമാക്കുകയും വേണം.

രൂപതാസിനഡുകളിലും പ്രാദേശിക കൗൺസിലുകളിലും അവ പ്രവിശ്യാതലത്തിലുള്ളതോ പൂർണ്ണമായതോ ആയാലും അല്മായ പങ്കാളിത്തം ഉണ്ടായിരിക്കണമെന്ന് കാനൻനിയമസംഹിത വിവക്ഷിക്കുന്നു. സഭാകൂട്ടായ്മയ്ക്ക് ഈ സംഘടനകൾ സഹായകമാകുന്നു. പ്രാദേശികസഭയ്ക്ക് അതിന്റെതന്നെ സാഹചര്യങ്ങളിലും സഭാപ്രവിശ്യയുടെ ഇതരപ്രാദേശികസഭകളോടോ മെത്രാന്മാരുടെ കോൺഫറൻസിനോടോ ഉള്ള ബന്ധത്തിലും അതിന്റെ ദൗത്യം നിറവേറ്റാൻ ഈ ഘടനകൾ ഉപകരിക്കുന്നു.

ദേശീയതലത്തിലോ പ്രാദേശികതലത്തിലോ അല്മായ സ്ത്രീപുരുഷന്മാരുടെ ആലോചനയും സഹവർത്തിത്വവും വളർത്തിയെടുക്കാൻ കൂടുതൽ ഉതകുന്ന മാർഗ്ഗമേതെന്ന് മെത്രാന്മാരുടെ കോൺഫറൻസുകൾ വിലയിരുത്തേണ്ടതുണ്ട്. അങ്ങനെ തങ്ങളെല്ലാവരും നേരിടുന്ന പ്രശ്നങ്ങൾ നന്നായി പര്യാലോചിക്കാനും മുഴുവൻ സഭയുടെയും മെച്ചപ്പെട്ട കൂട്ടായ്മ പ്രകടമാക്കാനും അവർക്കു കഴിയും.

#### a) രൂപതാ ആജപാലന സമിതി

വൈദികരും സന്യസ്തരും അല്മായരും രൂപതാധ്യക്ഷനായ മെത്രാന്റെ നേതൃത്വത്തിൽ ഒരുമിച്ചുവരുന്ന ഒരു വേദിയാണിത്. രൂപതയുടെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുകയും ജനങ്ങളുടെ താൽപര്യങ്ങളറിഞ്ഞും പ്രശ്നങ്ങളിൽ ഇടപെട്ടും പ്രാദേശിക സഭാരൂപീകരണപ്രക്രിയയിൽ ഇടപെടാൻ ഈ സമിതിക്ക് കഴിയണം.

അജപാലന സമിതിയിലെ അംഗങ്ങളിൽ ഭൂരിഭാഗവും ഇടവക പ്രതിനിധികളാണ്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഇടവകസമൂഹത്തിന്റെ താൽപര്യങ്ങൾ രൂപതാതലത്തിൽ ചർച്ചചെയ്യുവാനും രൂപതാതലത്തിൽ ഉരുത്തിരിയുന്ന ചിന്തകൾ ഇടവകകളിൽ എത്തിക്കാനുമുള്ള ദ്വിമുഖമായ ഉത്തരവാദിത്വമാണ് അല്മായ പ്രതിനിധികൾക്കുള്ളത്. അതുപോലെ വൈദികരും സന്യസ്തരും അല്മായ പങ്കാളിത്തമാർന്ന ഒരു പ്രാദേശിക സഭയുടെ രൂപീകരണത്തിനുവേണ്ടി അല്മായരൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം.

## ഫാമിലി കോർണർ

# ഞാൻ അടിമയല്ല! പിന്നെ ഞാനോ?

**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
Mobile:9746085144



മുപ്പതുകാരനായ ഷിബു വിവാഹം കഴിഞ്ഞിട്ട് അഞ്ചു മാസമേ ആയുള്ളൂ. ഇതിനോടകം തന്നെ അനുസരിക്കുന്നില്ല എന്ന കാരണത്താൽ ഭാര്യയെ രണ്ടുപ്രാവശ്യം സ്വന്തം വീട്ടിലേയ്ക്ക് പറഞ്ഞയച്ചു. ഷിബു വളരെ സമർത്ഥനായ ഒരു കോൺട്രാക്ടറാണ്. അയാളുടെ കീഴിലുള്ള നൂറുകണക്കിന് തൊഴിലാളികളെ അതിവിദഗ്ദ്ധമായും അയവില്ലാത്ത കാർക്കശ്യത്തോടും നിയന്ത്രിച്ചുനിർത്തുന്നതിൽ അയാൾ വിജയിച്ചിരുന്നു. നർമ്മവും വിനോദവുമൊന്നുമില്ലാതെ അയാൾ എല്ലാവരോടും ഔദ്യോഗികമായിട്ടെന്നപോലെയാണ് പെരുമാറിയിരുന്നത്. പതിനെട്ടുവയസുള്ളപ്പോൾ പിതാവു മരിച്ചുപോയ അയാൾ അമ്മയേയും രണ്ടുസഹോദരിമാരെയും കടുത്ത നിയന്ത്രണത്തിലാണ് വളർത്തിയിരുന്നത്. അയാളുടെ കർശനമായ ചിട്ടകളിൽ നിന്നു വ്യതിചലിച്ചാൽ അമ്മയെപ്പോലും ഗൗരവമായി ശാസിക്കുമായിരുന്നു. സഹോദരിമാർ എന്തെങ്കിലും മാസികകൾ വായിക്കുന്നതുകണ്ടാൽ തട്ടിപ്പറിച്ച് വലിച്ചെറിയുകയോ കത്തിച്ചുകളയുകയോ ചെയ്യുമായിരുന്നു. ആഢംബര കാറൊക്കെ വാങ്ങിയുപയോഗിച്ചിരുന്നെങ്കിലും അമ്മയോ സഹോദരിമാരോ ചോദിച്ചാൽ കൃത്യമായ കണക്കുചോദിച്ച് ആവശ്യം ഉചിതമാണെന്ന് ഉറപ്പുവരുത്തിയ ശേഷമേ ചോദിക്കുന്ന തുക കൃത്യംമാത്രം കൊടുത്തിരുന്നുള്ളൂ. വിവാഹം കഴിച്ച പെൺകുട്ടി ഒരു പ്രൊഫഷണൽ ബിരുദധാരിണിയായിരുന്നു. പ്രൊഫഷണൽ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിരുന്ന അവൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ വളരെ ആകർഷണീയമായ പൊസിഷനിൽ ആയിരുന്നു. വിവാഹം കഴിച്ചശേഷം ജോലി രാജിവെയ്ക്കുവാൻ ഷിബു ആവശ്യപ്പെട്ടപ്പോൾ അവൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. ഭാര്യയുടെ ശമ്പളം കൊണ്ട് ജീവിക്കേണ്ട ആവശ്യം എനിക്കില്ല എന്നു പറഞ്ഞ ഷിബു അവളെ പിറ്റേദിവസം ജോലിയ്ക്കയച്ചില്ല. വിവാഹത്തിനു മുമ്പ് എന്തുകൊണ്ടിതു പറഞ്ഞില്ല എന്നവൾ ചോദിച്ചപ്പോൾ 'ഭർത്താവിന്റെ തീരുമാനങ്ങൾക്ക് ഭാര്യയുടെ അഭിപ്രായങ്ങൾ ആരായേണ്ടതില്ല എന്നാണ് ഞാൻ മനസിലാക്കിയിരിക്കുന്നത്. അതുകൊണ്ട് നീ കൂടുതലൊന്നും ചോദിക്കാതെ അനുസരിക്കുന്നതായിരിക്കും നല്ലത്' എന്നു പറഞ്ഞ് അയാൾ ഓഫീസിൽ പോകാൻ ഡ്രസ്മാറാൻ അകത്തേയ്ക്കു പോയി. അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് മുറിക്കകത്തേയ്ക്ക് ഓടിക്കയറി തലയിണയിൽ മുഖമമർത്തി ഏങ്ങിയേങ്ങിക്കരഞ്ഞു. ശബ്ദം കേട്ട് അമ്മയും അനുജത്തിമാരും ഓടിവന്നപ്പോൾ അവരെ ഗൗരവത്തോടെ ആംഗ്യം കാണിച്ച് മുറിയിൽ കയറുന്നതിൽ നിന്നും വിലക്കി. ഭാര്യയുടെ അമ്മയെ ഉടൻതന്നെ ഫോണിൽ വിളിച്ച് ഇങ്ങനെയാണോ മകളെ വളർത്തിയത് എന്ന് ശാസനാരൂപേണ ചോദിച്ചപ്പോൾ ആ പാവം അമ്മ കാര്യം അറിയാതെ അന്ധാളിച്ചു. വീട്ടിൽ സഹോദരിമാർ ഫോൺ വിളിക്കുമ്പോൾ ആരുടേതെന്ന് ചോദിച്ചശേഷമേ ഫോൺ കൊടുത്തിരുന്നുള്ളൂ. പോസ്റ്റ് ഗ്രാജ്വേഷൻ കഴിഞ്ഞ് അദ്ധ്യാപികയായി ജോലിചെയ്യുന്ന സഹോദരിയോടുപോലും ഇങ്ങനെയാണ് പെരുമാറിയിരുന്നത്. അയാൾ അമ്മയെ വിളിച്ച് ശാസിച്ചയുടൻ അമ്മ അവളെ ഫോണിൽ വിളിച്ചു. അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് അമ്മയോട് ദുഃഖങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങിയപ്പോൾ അവൻ ഫോൺ പിടിച്ചുവാങ്ങി, ഓഫ് ചെയ്ത് സ്വന്തം പോക്കറ്റിലിട്ട് ഓഫീസിലേയ്ക്കുപോയി. മൂന്നു ദിവസം കഴിഞ്ഞാണ് ഫോൺ തിരികെ കൊടുത്തത്. തന്റെ അനുവാദമില്ലാതെ ആരോടെങ്കിലും സംസാരിച്ചാൽ ഫോൺ ഒരിക്കലും തരുകയില്ല എന്നുകൂടി ഭീഷണിപ്പെടുത്തി.

ഒരു ദിവസം ആകർഷകമായ ഒരു ചുരിദാർ കടയിൽ കണ്ടപ്പോൾ അതുവാങ്ങിത്തരാമോ എന്നുചോദിച്ചു. അയാളുടെ സാമ്പത്തിക നിലയെപ്പറ്റിയൊന്നും അവൾക്കറിയില്ലായിരുന്നു. കാരണം, അയാളൊന്നുംതന്നെ അവളോടു പങ്കുവച്ചിട്ടില്ലായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ട് എന്നു പറയുന്നതിനുപകരം അങ്ങനെ തോന്നുമ്പോഴൊക്കെ ചോദിക്കുന്നതെല്ലാം വാങ്ങിത്തരുമെന്ന് പ്രതീക്ഷിക്കേണ്ട എന്ന് ഗൗരവത്തിൽ പറഞ്ഞു. അവളുടെ കണ്ണുകൾ നിറഞ്ഞപ്പോൾ അയാൾ കൂടുതൽ ശാസിച്ചു. റോഡരുകിൽ നിന്നിരുന്ന പലയാളുകളും അതുകണ്ടു. അയാൾ ഗൗരവത്തിൽ കയ്യിൽപിടിച്ച് അവളെ കാറിൽ കയറ്റി. അപ്പോൾ അവൾ ഉറക്കെക്കരഞ്ഞു. അനുസരണക്കേടുകാട്ടിയെന്നു പറഞ്ഞ് നന്നായിട്ടുവന്നാൽ മതി എന്ന താക്കീതോടെ, അവളുടെ വീട്ടുകാരെ വിളിച്ച് അവളെ അവരോടൊപ്പം പറഞ്ഞയച്ചു.

കൗൺസിലിങ്ങിനെത്തിയത് അവളെ നന്നാക്കാനായിട്ടാണ്. നാലഞ്ചുമാസങ്ങൾക്കിടയിൽ അവൾ കാണിച്ച അനുസരണക്കേടു കേട്ടപ്പോൾത്തന്നെ പ്രശ്നത്തിന്റെ ഉറവിടം ഷിബുവിൽ കണ്ടെത്താൻ കൗൺസിലർക്ക് സാധിച്ചു. ഷിബു പറയുന്നതൊക്കെ അനുസരിക്കാൻ റീത്തയെ ഉപദേശിച്ച് കൗൺസിലർ വീട്ടിലേയ്ക്കയച്ചു. രണ്ടാഴ്ചകഴിഞ്ഞപ്പോൾ എല്ലാം ഭംഗിയായെന്ന് ഷിബു വിളിച്ചുപറഞ്ഞു. എങ്കിലും ഇടയ്ക്കിടെ ചില അനുസരണക്കേടുകൾ കാണിക്കുന്നുണ്ട് എന്നുകൂടി കൂട്ടിച്ചേർത്തു. അവളോടു ചോദിച്ചപ്പോൾ ഒരു യന്ത്രമനുഷ്യനുമാത്രമേ അയാൾ ആഗ്രഹിക്കുന്നതുപോലെ ജീവിക്കാൻ പറ്റൂ എന്നവൾ പറഞ്ഞു. ഭാര്യാഭർതൃബന്ധത്തിന്റെ അടിസ്ഥാനതത്വംപോലും അറിയാൻ പാടില്ലാത്ത അയാൾ തന്റെ വിശ്വാസസംഹിതകളെ താലോലിച്ച് അതിൽ അഭിമാനിച്ച് മുന്നോട്ടുപോകുമ്പോൾ പങ്കാളിയുടെ മനസ് തകരുകയാണെന്ന് തിരിച്ചറിയാൻപോലും സാധിക്കാതെ പോകുന്നത് അയാളുടെ വ്യക്തിത്വവൈകല്യം (പേഴ്സണാലിറ്റി ഡിസ്ഓർഡർ) കൊണ്ടാണെന്നത് അയാളെ ബോധ്യപ്പെടുത്തുക ദുഷ്കരമായ ഒരു പരിപാടിയാണ്. അതറിഞ്ഞാൽ അയാൾ സഹകരിക്കുന്നതിനുപകരം ഒളിച്ചോടുകയാവും ചെയ്യുക.

പരസ്പര ആശയവിനിമയത്തിനുവേണ്ടി ദാഹിക്കുന്ന പെൺകുട്ടി ജോലികഴിഞ്ഞുവരുന്ന ഭർത്താവിനോട് ഒരുപാട് കാര്യങ്ങൾ പങ്കുവയ്ക്കണമെന്ന ആഗ്രഹത്തോടെ ഓടിയെത്തുമ്പോൾ, അവളുടെ അനുസരണക്കേടുകൾ എന്തെങ്കിലുമൊക്കെ കണ്ടുപിടിച്ച് അവളെ കുറ്റപ്പെടുത്തുന്ന ഭർത്താവിനെയാണ് അവൾ കാണുക. ദിവസം പത്തുമിനിട്ടെങ്കിലും താൻ പറയുന്നത് ക്ഷമയോടും സ്നേഹത്തോടുംകൂടെ കേൾക്കാൻ ഭർത്താവിന് മനസുണ്ടായാൽ താൻ സംതൃപ്തയാകും എന്നവൾ പറഞ്ഞത് കേട്ടപ്പോൾ ജോലിത്തിരക്കുള്ളതുകൊണ്ട് അതൊന്നും സാധിച്ചെന്നുവരികയില്ല എന്നയാൾ പറഞ്ഞെങ്കിലും കൗൺസിലറുടെ സ്നേഹപൂർവ്വമായ അഭ്യർത്ഥനയ്ക്ക് അയാൾ വഴങ്ങി. കഴിയുന്നത്ര ആശയവിനിമയങ്ങൾ നടത്തി പരസ്പരസ്നേഹത്തോടെ കേട്ട് കാര്യങ്ങൾ സമാധാനപരമായി അവർ ക്രമീകരിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ.

ഭാര്യയോ ഭർത്താവോ അടിമയല്ലെന്നും പരസ്പരം പൂരകമാകേണ്ടവരാണ് എന്നുമുള്ള സത്യം ഒരിക്കലും മറക്കുവാനുള്ളതല്ല. അടിച്ചമർത്തപ്പെട്ട പങ്കാളിയിൽ നിന്ന് ജനിക്കുന്ന കുഞ്ഞുങ്ങളുംകൂടിയാകുമ്പോൾ പുതിയപുതിയ ദുരന്തങ്ങൾ വന്നുകൊണ്ടിരിക്കും.

### പ്രവാസിസമൂഹത്തിന് പ്രതിസന്ധികളിൽ സഹായഹസ്തവുമായി
### ആംനെസ്റ്റി ഇന്റർനാഷണൽ-ഇൻഡ്യ
### അണിചേരൂ! കൈകോർക്കൂ! മുന്നേറൂ!

# സുരക്ഷിതനായ പ്രവാസി- സഭയുടെ സ്വപ്നവും ദൗത്യവും

**Jeemon Jacob, Consultant, Amnesty International-India**

പ്രവാസി എന്നും ഒറ്റപ്പെട്ടവനാണ്. ജനിച്ച നാടും മണ്ണും ഉപേക്ഷിച്ച്, ഉറ്റവരെ പിരിഞ്ഞ്, ജീവിക്കാനായി ഓരോ നിമിഷവും വിയർപ്പൊഴുക്കുന്ന അവരെകുറിച്ച് ആരും കാര്യമായി ഓർക്കാറില്ല. പക്ഷേ പ്രവാസി എന്നും അവർ ജനിച്ചുവളർ നാടിനെ ഓർക്കുന്നു. വീടും വീട്ടുകാരും അവരുടെ വരണ്ട ജീവിതങ്ങളിലെ പച്ചപ്പുകളാണ്.

ഇന്ന് നമ്മുടെ രാഷ്ട്രത്തിന്റെ സാമ്പത്തിക നിലനിൽപ്പ് പ്രവാസിയുടെ അദ്ധ്വാനത്തെ അടി



സ്ഥാനമാക്കിയാണ്. പ്രതിവർഷം നാലുലക്ഷം കോടി രൂപയുടെ വിദേശ ധനമാണ് പ്രവാസികളിലൂടെ ഇന്ത്യയിലെത്തുന്നത്. ഇതിന്റെ 60 ശതമാനവും ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പാവപ്പെട്ടവരായ ഇന്ത്യക്കാരുടേതാണ്.

അവർ ചുട്ടുപൊള്ളുന്ന മണലാരണ്യങ്ങളിൽ ചോര നീരാക്കി വിയർപ്പൊഴുക്കുന്നതുകൊണ്ടാണ് നമുക്ക് മെച്ചപ്പെട്ട ജീവിതം കൈവരുന്നത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ കാതലും മറ്റൊന്നല്ല. ഏകദേശം 90000 കോടി രൂപയാണ് പ്രവാസി മലയാളി ഓരോ വർഷവും നാട്ടിലേയ്ക്ക് അയക്കുന്നത്. അവരുടെ അദ്ധ്വാനമാണ് നമ്മുടെ നാടിനെ ഇന്നും താങ്ങി നിർത്തുന്നത്.

അതിനാൽ ഭാരതത്തിലെ ക്രൈസ്തവസഭകൾ പ്രവാസിയുടെ ഉന്നമനവും ആത്മീയ വളർച്ചയും കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ്.

വളരെക്കാലമായി വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന സഹോദരങ്ങളുടെ കൂട്ടായ്മ വളർത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ സുരക്ഷിതമായ പ്രവാസ ജീവിതം ക്രൈസ്തവമക്കൾക്കും ഇതര സഹോദരന്മാർക്കും ഒരുക്കണമെന്ന ആവശ്യവുമായി വിവിധ സഭാ നേതൃത്വങ്ങൾ നമ്മുടെ ഗവമെന്റുകളുടെ മേൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നു.

എന്നാൽ മാറിമാറി വന്ന ഗവമെന്റുകൾ ഇക്കാര്യത്തിൽ പുലർത്തുന്ന അലംഭാവത്തിൽ ഉത്കണ്ഠയുണ്ട്. പ്രവാസികൾ പ്രത്യേകിച്ചും ഗൾഫ് മേഖലയിൽ കൊടിയ ചൂഷണത്തിനും പീഢനത്തിനും ഇരയാകുന്നവരാണ്. ഇതിന് പ്രധാന കാരണം അവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങളുടെ അഭാവമാണ്.

പ്രവാസികളുടെ സുരക്ഷയെ മുൻനിർത്തി പുതിയ പ്രവാസി ബിൽ പാസ്സാക്കണമെന്നും ഇന്ത്യയിൽ നിന്നുമുള്ള വിദേശ രാഷ്ട്രങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികളിലൂടെ നടത്തണമെന്നും ആവശ്യപ്പെട്ട് ക്രൈസ്തവനേതൃത്വം ഏറെക്കാലമായി സമ്മർദ്ദം ചെലുത്തിവരുന്നു. ഇപ്പോൾ നഴ്സിംഗ് മേഖലയിലെ റിക്രൂട്ട്മെന്റ് ഗവമെന്റ് ഏജൻസികൾക്ക് വിട്ടുകൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായത് സ്വാഗതാർഹമാണ്. ഈ തീരുമാനം നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സഭാമക്കൾക്കും ഇതര സഹോദരങ്ങൾക്കും പ്രയോജനപ്രദമായിരിക്കും. റിക്രൂട്ടിംഗ് ഏജന്റുമാരുടെ ചൂഷണത്തിന് വിധേയരായി പീഡനം അനുഭവിക്കേണ്ടി വന്ന അനേകരുടെ ജീവിതങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

അതിനാൽ പ്രവാസികൾക്ക് സമഗ്രമായ സംരക്ഷണം ഉറപ്പ് വരുത്തുന്ന നിയമനിർമ്മാണം നമ്മുടെ അജണ്ടയിലുള്ള പ്രധാന ആവശ്യമാണ്. ഇതിൽ വരുത്തുന്ന കാലതാമസം അനേകരുടെ ജീവിതം നരകമാക്കും. അതിനാൽ എത്രയും വേഗം പ്രവാസി സുരക്ഷ മുൻനിർത്തിയുള്ള നിയമ നിർമ്മാണം നടത്തുന്നതിന് കേന്ദ്ര വിദേശ കാര്യ മന്ത്രാലയം മുൻകൈ എടുക്കണമെന്ന് ആവശ്യപ്പെടുന്നു.

കൂടാതെ സുരക്ഷിതമായ പ്രവാസ ജീവിതം എന്ന ലക്ഷ്യത്തോടെ പ്രവാസിസമൂഹത്തിൽ അവബോധം വളർത്തുന്നതിനായുള്ള പ്രചരണ പരിപാടികൾക്ക് നേതൃത്വം നൽകാൻ നമ്മൾ മുന്നോട്ടുവരണം. ആംനസ്റ്റി ഇന്റർനാഷണലും നോർക്ക പോലെയുള്ള സർക്കാർ ഏജൻസികളുമായി സഹകരിച്ചുകൊണ്ടുള്ള കാമ്പയിൻ പരിപാടികൾ ഉചിതമാണ്.

പ്രവാസി ജീവതത്തിന് ഒരുങ്ങുവർക്കും അവരുടെ കുടുംബത്തിലുള്ളവർക്കും സുരക്ഷിതമായ പ്രവാസ ജീവിതത്തിന് വഴിയൊരുക്കുക എന്ന ലക്ഷ്യത്തിന് ഈ കാമ്പയിൻവഴി ഊന്നൽ നൽകണം. ഓരോരുത്തരും അവരവരുടെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധവാൻമാർ ആകുന്നതിലൂടെ മാത്രമേ സുരക്ഷിതമായ പ്രവാസജീവിതം സാധ്യമാകൂ. ശരിയായ അവബോധം ഉണ്ടാകുമ്പോൾ ചൂഷണങ്ങളുടെ ഇരകളാകാതിരിക്കുന്നതിന് നമുക്ക് കഴിയും. അതിനാൽ ഓരോ പ്രവാസിയും അവന്റെ കുടുംബവും അവരുടെ അവകാശങ്ങളെക്കുറിച്ച്



ബോധവാൻമാർ ആകേണ്ടതുണ്ട്. കൂടാതെ ഓരോ വിദേശ രാജ്യത്തും ജോലി ചെയ്യുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും തൊഴിലിടങ്ങളിൽ ചൂഷണമോ വഞ്ചനയോ നേരിട്ടാൽ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും ഓരോ പ്രവാസിയേയും അവന്റെ കുടുംബങ്ങളെയും ബോധവത്ക്കരികാൻ ഈ പരിപാടിയിലൂടെ നമുക്കും സാധിക്കും.

ശരിയായ അവബോധം വളർത്തുതിലൂടെ മാത്രമേ സുരക്ഷിതമായ പ്രവാസ ജീവിതം സാധ്യമാകു. ഗൾഫ് മേഖലയിലെ നിരവധി ലേബർ കാമ്പ്യുകൾ ഇതിനോടകം സന്ദർശിക്കാനിടയായിട്ടുണ്ട്. ഈ ക്യാമ്പുകളിലെ ജീവിതാവസ്ഥ തികച്ചും ശോചനീയമാണ്. വീട്ടുമൃഗങ്ങൾക്കു കിട്ടുന്ന പരിഗണന പോലും ലഭിക്കാതെയാണ് അനേകായിരം മനുഷ്യർ ഇവിടെ ജോലി ചെയ്യുന്നത്. ഇങ്ങനെ ജോലി ചെയ്യുന്നവരിൽ അഭ്യസ്ത വിദ്യരായ മലയാളികളും ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇവരിൽ പലർക്കും മതിയായ ശമ്പളമോ ഭക്ഷണമോ

**പ്രവാസികൾക്ക് ബന്ധപ്പെടുവാൻ**
**ടോൾഫ്രീ നമ്പർ**
**(+91)9223301188**

വിശ്രമമോ ലഭിക്കാതെയാണ് ജോലി ചെയ്യുന്നത്. അതിനാൽ സുരക്ഷിതമായ പ്രവാസജീവിതം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രചരണ പരിപാടി വിജയിക്കേണ്ടത് നമ്മുടെ കടമയാണ്.

ദുർബലനായ ഒരു സഹോദരനോ സഹോദരിയോ ചൂഷണത്തിനും പീഡനത്തിനും ഇര



യാകുമ്പോൾ അവരെ രക്ഷിക്കേണ്ട ബാധ്യത നമുക്ക് ഓരോരുത്തർക്കുമുണ്ട്. അവരുടെ സങ്കടവും കണ്ണീരും നമ്മുടേതു കൂടിയാകുമ്പോൾ മാത്രമേ മനുഷ്യാവകാശ സംരക്ഷണം സാധ്യമാകു. അതിനാൽ മറ്റൊരുവന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നത് നമ്മുടെ കൂടി കടമയാണ്.

സുരക്ഷിതമായ പ്രവാസി ജീവിതം കേന്ദ്ര -സംസ്ഥാന ഗവമെന്റുകൾ മാത്രം വിചാരിച്ചാൽ ഉറപ്പാക്കാനാവില്ലെന്ന് നമ്മുടെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. അതുകൊണ്ടാണ് ഈ മേഖലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന സർക്കാരിതര ഏജൻസികളുമായി നമ്മൾ കൈകോർക്കുന്നത്. പോസ്റ്റർ കാമ്പയിൻ വഴിയും കൈപുസ്തകം വിതരണം ചെയ്യുന്നതിലൂടെയും സെമിനാറുകൾ സംഘടിപ്പിച്ചും മുഖ്യധാര മാധ്യമങ്ങളിലൂടെയും സുരക്ഷിതമായ പ്രവാസ ജീവിതം ഉറപ്പാക്കുന്നതിനുള്ള



പ്രചരണ പരിപാടികൾ ആവിഷ്ക്കരിക്കുകയാണ്. ഇതേക്കുറിച്ചുള്ള വിശദ വിവരങ്ങൾ ആംനസ്റ്റി ഇന്റർനാഷണലിൽ (+91)9223301188 എന്ന ടോൾഫ്രീ നമ്പറിൽ 24 മണിക്കൂറും ലഭ്യമാണ്. നിങ്ങൾക്കുള്ള പരാതികളും ഈ നമ്പറിൽ വിളിച്ച് നൽകാവുന്നതാണ്.

ഓരോ പ്രവാസിയും അവന്റെ തൊഴിലിടങ്ങളിൽ സുരക്ഷിതനാകുന്നതിലൂടെ മാത്രമേ നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകു. അതിനാൽ ഓരോ ക്രൈസ്തവ മക്കളും ഈ പ്രചരണ പരിപാടികളിൽ സജീവമായി പങ്കെടുക്കാൻ താത്പര്യപ്പെടുന്നു. അതുവഴി അനേകായിരം കുടുംബങ്ങളിലാണ് സന്തോഷത്തിന്റെ കൈത്തിരികൾ തെളിയുന്നത്. സ്വന്തം നാടിനും ഉറ്റവർക്കും വേണ്ടി രാപ്പകലില്ലാതെ പണിയെടുക്കുന്ന അനേകായിരങ്ങൾക്ക് നീതി ഉറപ്പാക്കുന്നതിലൂടെ ദൈവസ്നേഹത്തിന്റെ പ്രകാശമാണ് നാം പരത്തുക. അതാണ് സഭയുടെ ലക്ഷ്യവും.

# കാനാൻദേശം ബൈബിൾ റിയാലിറ്റി ഷോ മെഗാ റൗണ്ടുകൾക്ക് തുടക്കമായി

കൊച്ചി: ഗുഡ്നെസ്, ഡിവൈൻ ചാനലുകളിൽ ഒരു വർഷത്തിലേറെയായി തുടരുന്ന കാനാൻദേശം ബൈബിൾ റിയാലിറ്റി ഷോ മെഗാറൗണ്ടിലേയ്ക്ക് ഞായറാഴ്ച (12/4/2015) മുതൽ പ്രവേശിക്കുന്നു. നാല് എപ്പിസോഡുകളായുള്ള മെഗാറൗണ്ടിൽ കാനാൻദേശം ബൈബിൾ റിയാലിറ്റി ഷോ സീസൺ 1ന്റെ വിജയികളെ പ്രഖ്യാപിക്കും. വിശുദ്ധ ബൈബിളിനെ അടിസ്ഥാനമാക്കി ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ അവതരണവും ചോദ്യോത്തരങ്ങളുമായി ഒരു മണിക്കൂർ പ്രോഗ്രാമാണിത്. "അറിവാണ് സമൃദ്ധി, ബൈബിളാണ് അറിവ്" എന്നതാണ് കാനാൻദേശത്തിന്റെ സന്ദേശം. ഷെവലിയർ വി.സി.സെബാസ്റ്റ്യൻ അവതാരകനും സന്തോഷ് മണിമല പ്രൊഡ്യൂസറുമാണ്.

എല്ലാ ഞായറാഴ്ചയും വൈകുന്നേരം 7.30ന് പ്രക്ഷേപണം ചെയ്യുന്ന കാനാൻദേശം തിങ്കൾ രാവിലെ 7.30, ബുധൻ ഉച്ചകഴിഞ്ഞ് 2.00, വെള്ളി വൈകുന്നേരം 4.00 എന്നീ ക്രമത്തിലാണ് പുനഃപ്രക്ഷേപണം. വിവിധ എപ്പിസോഡിലും സഭാപിതാക്കന്മാരും ബൈബിൾ പണ്ഡിതന്മാരും ചോദ്യങ്ങളുമായി പങ്കുചേരുന്നു. കത്തോലിക്കാസഭയുടെ ആഗോളവളർച്ച, നവസുവിശേഷപ്രഘോഷണങ്ങൾ, ആതുരസേവന, ആരോഗ്യ, വിദ്യാഭ്യാസ ശുശ്രൂഷാതലങ്ങൾ, സാമൂഹ്യ ഇടപെടലുകൾ, കുടുംബജീവിതങ്ങൾ, വൈദിക സന്യാസിനി അല്മായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം കാനാൻദേശം ബൈബിൾ ഷോയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.


## പ്രവാസി മലയാളികൾക്ക് ഒരു സഹായഹസ്തം



പ്രവാസികളുടെ അവകാശങ്ങളെ പിന്തുണയ്ക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ
**കമ്യൂണിറ്റിയിൽ അണിചേരൂ**

**(+91) 9223301188**

എന്ന നമ്പറിൽ ഒരു മിസ്ഡ് കോൾ നൽകൂ
അനുഭവം പങ്കിടൂ വിവരങ്ങൾ നേടൂ നിങ്ങളുടെ അവകാശങ്ങൾ അറിയൂ
മറ്റുള്ളവരെ സഹായിക്കൂ ഒപ്പം നിങ്ങളുടെ കുടുംബത്തെയും സംരക്ഷിക്കൂ

INDIA AMNESTY INTERNATIONAL

# LAITY VOICE




**കഴിഞ്ഞ ലക്കം തുടർച്ച...**

**എങ്ങനെയാണ് സമൂഹം സാമൂഹികനീതി ഉറപ്പാക്കുന്നത്?**

സമൂഹത്തിന്റെ തന്നെ യഥാർത്ഥ ലക്ഷ്യമായി വ്യക്തിയുടെ മഹത്വവും അവകാശങ്ങളും സമൂഹം ആദരിക്കുമ്പോൾ, സാമൂഹിക നീതി ഉറപ്പാക്കുന്നു. സർവ്വോപരി, പൊതുനന്മയോടും അധികാരവിനിയോഗത്തോടും ബന്ധപ്പെട്ടിരിക്കുന്ന സാമൂഹിക നീതി സമൂഹം തേടുന്നു. സംഘടനകൾക്കോ വ്യക്തികൾക്കോ അർഹിക്കുന്നത് കിട്ടാനുള്ള അവസ്ഥ അത് സംജാതമാക്കുവാൻ അനുവദിക്കുമ്പോൾ.

**എന്തിലാണ് മാനുഷിക തുല്യത അധിഷ്ഠിതമായിരിക്കുന്നത്?**

ഏകദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലും ഒരുപോലെ യുക്തിസഹമായ ആത്മാവിനാൽ അലംകൃതരായിരിക്കുന്നതിനാലും ഒരേ പ്രകൃതിയും ഉത്ഭവവും ഉള്ളവരും ഏക രക്ഷകനായ ക്രിസ്തുവിൽ ഒരേ ദൈവികസൗഭാഗ്യത്തിലേയ്ക്ക് വിളിക്കപ്പെട്ടവരും ആയിരിക്കുന്നതിനാലും എല്ലാ വ്യക്തികളും തുല്യമഹത്വവും അടിസ്ഥാന അവകാശങ്ങളും അനുഭവിക്കുന്നു.

**സാമൂഹിക അസമത്വങ്ങളെ നാം എങ്ങനെ വീക്ഷിക്കണം?**

ദശലക്ഷക്കണക്കിന് മനുഷ്യരെ ബാധിക്കുന്ന പാപപൂർണ്ണങ്ങളായ സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ ഉണ്ട്. ഈ അസമത്വങ്ങൾ സുവിശേഷത്തിനു കടകവിരുദ്ധവും നീതിക്കും വ്യക്തികളുടെ മഹത്വത്തിനും സമാധാനത്തിനും എതിരുമാണ്. എന്നാൽ ജനങ്ങളുടെ ഇടയിൽ, നിരവധി ഘടകങ്ങളാൽ ഉണ്ടാകുന്നതും ദൈവിക പദ്ധതിയുടെ ഭാഗവുമായ വ്യത്യാസങ്ങളുണ്ട്. ഓരോ വ്യക്തിയും തനിക്ക് വേണ്ടത് മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കണമെന്നും സവിശേഷ താലന്തുകളാൽ അനുഗ്രഹീതരായവർ അവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും ദൈവം ആഗ്രഹിക്കുന്നുണ്ട്. ഈ വ്യത്യാസങ്ങൾ ആളുകളിൽ ഔദാര്യം, ദയ, വസ്തുക്കളുടെ പങ്കുവയ്ക്കൽ എന്നിവയുടെ പരിശീലനം പ്രോത്സാഹിപ്പിക്കുകയും മിക്കപ്പോഴും നിർബന്ധിക്കുകയും ചെയ്യുന്നു. അവ സംസ്കാരങ്ങളുടെ പരസ്പര സമ്പന്നമാക്കലിനെ സഹായിക്കുകയും ചെയ്യുന്നു.

**എങ്ങനെയാണ് മാനവദൃഢൈക്യം പ്രകാശിതമായിരിക്കുന്നത്?**

ദൃഢൈക്യം മാനുഷികവും ക്രൈസ്തവികവുമായ സാഹോദര്യത്തിൽ നിന്ന് ഉത്ഭവിക്കുന്നു. വസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണത്തിലും ജോലിക്കുള്ള മാന്യമായ വേതനത്തിലും കൂടുതൽ നീതിനിഷ്ഠമായ ഒരു സാമൂഹിക ക്രമത്തിനായുള്ള തീക്ഷ്ണതയിലുമാണ് ഇത് മുഖ്യമായും പ്രകടമാകുന്നത്. ദൃഢൈക്യമെന്ന പുണ്യം വിശ്വാസത്തിന്റെ ആത്മീയനന്മകളുടെ പങ്കുവയ്ക്കലും നടപ്പാക്കുന്നു. ഭൗതിക നന്മകൾ പങ്കുവയ്ക്കുന്നതിനേക്കാൾ പ്രധാനമാണിത്.

## അദ്ധ്യായം മൂന്ന്

## ദൈവം നൽകുന്ന രക്ഷ: നിയമവും കൃപാവരവും

### ധാർമികനിയമം

**എന്താണ് ധാർമ്മികനിയമം?**

ദൈവികജ്ഞാനത്തിന്റെ ഒരു പ്രവൃത്തിയാണ് ധാർമ്മികനിയമം. വാഗ്ദാനം ചെയ്യപ്പെട്ട സൗഭാഗ്യത്തിലേയ്ക്കു നയിക്കുന്ന വഴികളും പെരുമാറ്റനിയമങ്ങളും അത് നിർദ്ദേശിക്കുന്നു. ദൈവത്തിൽ നിന്നകറ്റുന്ന വഴികളെ അത് വിലക്കുകയും ചെയ്യുന്നു.

**സ്വാഭാവിക ധാർമ്മികനിയമം എന്തിലാണ് അടങ്ങിയിരിക്കുന്നത്?**

എല്ലാ വ്യക്തികളുടെയും ഹൃദയത്തിൽ സ്രഷ്ടാവ് മുദ്രിതമാക്കിയിരിക്കുന്ന സ്വാഭാവികനിയമം ദൈവത്തിന്റെ വിജ്ഞാനത്തിലും നന്മയിലുമുള്ള പങ്കാളിത്തത്തിൽ അടങ്ങിയിരിക്കുന്നു. നന്മയും തിന്മയും യുക്തിയിൽ വിവേചിക്കാൻ ഒരുവനെ സഹായിക്കുന്നു. ആദിമ ധാർമ്മികബോധത്തെ ഇത് പ്രകാശിപ്പിക്കുന്നു. ഇത് സാർവ്വത്രികവും സ്ഥായിയുമാണ്. വ്യക്തി, മനുഷ്യസമൂഹം, സിവിൾ നിയമം എന്നിവയുടെ കടമകളുടെയും മൗലികാവകാശങ്ങളുടെയും അടിസ്ഥാനത്തെ ഇത് നിശ്ചയിക്കുന്നു.

**ഇങ്ങനെയൊരു നിയമം എല്ലാവരും മനസ്സിലാക്കുന്നുണ്ടോ?**

പാപത്തിന്റെ ഫലമായി സ്വാഭാവികനിയമത്തെ എല്ലാവരും എപ്പോഴും തുല്യമായ വ്യക്തതയോടും നേരിട്ടും മനസിലാക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല.

**സ്വാഭാവിക നിയമവും പഴയനിയമവും തമ്മിലുള്ള ബന്ധം എന്താണ്?**

പഴയനിയമം വെളിപ്പെടുത്തപ്പെട്ട നിയമത്തിന്റെ ആദ്യഘട്ടമാണ്. സ്വാഭാവികമായി യുക്തിക്ക് പ്രാപ്യമായ അനേകം സത്യങ്ങളെ പഴയനിയമം പ്രകാശിപ്പിക്കുന്നു. രക്ഷയുടെ ഉടമ്പടിയിൽ അവ ഉറപ്പിക്കപ്പെടുകയും ആധികാരികമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിന്റെ ധാർമ്മിക നിബന്ധനകൾ "ദെക്കലോഗി"ന്റെ പത്തുകൽപനകളിൽ സംഗ്രഹിച്ചിട്ടുണ്ട്. ഈ നിബന്ധനകൾ മാനുഷിക വിളിയുടെ അടിസ്ഥാനങ്ങൾ ഇടുകയും ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിന് എതിരായിട്ടുള്ളതിനെ വിലക്കുകയും അതിനെ സംബന്ധിച്ച് സത്താപരമായിട്ടുള്ളതിനെ നിർദ്ദേശിക്കുകയും ചെയ്യുന്നു.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAJU.CHACKO7@GMAIL.COM

Private circulation